"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി.റീന ജോർജ്ജും മറ്റുള്ളവരും ഫയൽ ചെയ്ത 7495/2020 നമ്പർ റിട്ട് പെറ്റീഷനിൽ 08.06.2023 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4718/2025/GEDN തീയതി,തിരുവനന്തപുരം, 17-07-2025

---

പരാമർശം:-

1. റിട്ട് ഹർജി നം.7495/2020 നമ്പർ റിട്ട് പെറ്റീഷനിൽ 08.06.2023 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.04.2024 തീയതിയിലെ ഡിജിഇ/19422/2023-ഇസി3 നമ്പർ റിപ്പോർട്ട്
3. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 11.04.2024 നമ്പർ റിപ്പോർട്ട് ഡിഡിഇഇകെഎം/5245/2023-ബി2 നമ്പർ റിപ്പോർട്ട്
4. എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12.04.2024 നമ്പർ റിപ്പോർട്ട് ഡിഇഒഇകെഎം/1804/2023-ബി1 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

ശ്രീമതി.റീന ജോർജ്ജും മറ്റുള്ളവരും ഫയൽ ചെയ്ത 7495/2020 നമ്പർ റിട്ട് പെറ്റീഷനിൽ 08.06.2023 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരം, ഹർജ്ജിക്കാർ ഉന്നയിച്ച വിഷയം, Ext.P18 മുതൽ പി29 വരെയുള്ളവയുടെ വെളിച്ചത്തിൽ പുനഃപരിശോധിച്ച്, വിധിപകർപ്പ് കിട്ടി നാല്ല മാസത്തിനുള്ളിൽ തീർപ്പാക്കുവാൻ ഒന്നാം എതിർ കക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 16.04.2024ൽ നേരിൽ കേൾക്കുകയുണ്ടായി

3. ഹർജിക്കാരുടെ വാദങ്ങൾ ഇപ്രകാരമാണ്

ശ്രീമതി റീന ജോർജിനെ 02.07.2012 മുതൽ സെന്റ് മേരീസ് ഹൈസ്കൂൾ, പള്ളിപ്പുറത്ത് ശ്രീ.ഡെന്നി പി.ജി.-യെ സ്ഥാനകയറ്റം നൽകിയ ഒഴിവിൽ എഫ്.ടി.എം. ആയി നിയമിച്ചു. ശ്രീ.ഡെന്നി പി.ജി.യുടെ നിയമനം അംഗീകരിച്ചുവെങ്കിലും തസ്തിക കുറവ് ഉണ്ടായി എന്ന കാരണത്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നിരസിച്ചു. ആയത് ചോദ്യം ചെയ്ത് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ആയത് വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ചു.

അപ്രകാരമിരിക്കെ ശ്രീമതി. റീന ജോർജിന് സെന്റ് ജോസഫ് ഹൈസ്കൂൾ,

ചാത്തേടത്തേക്ക് 22.06.2013-ൽ മാറ്റി നിയമിച്ചു. ആയത് അംഗീകരിച്ചു.

ശ്രീമതി. റീന ജോർജിന് 02.06.2014-ൽ ശ്രീ.ഡെന്നി പി.ജി.-യെ എൽ.ജി. (ഹിന്ദി) ടീച്ചറായി സ്ഥാനകയറ്റം നൽകിയ ഒഴിവിൽ സ്ഥാനകയറ്റം നൽകി നിയമിച്ചു. ശ്രീ.ഡെന്നിയുടെ സ്ഥാനകയറ്റം അംഗീകരിച്ചു. ഒഴിവ് സംജാതമായി. എന്നാൽ ശ്രീമതി ഷൈനി എം.ജി. (സീനിയർ ഓഫീസ് അറ്റൻഡറുടെ) നിയമനം അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ ശ്രീമതി. റീന ജോർജിന്റെ നിയമനം നിരസിച്ചു. ശ്രീമതി റീന ജോർജ് സർക്കാരിൽ റിവിഷൻ സമർപ്പിച്ചു. ആയത് സർക്കാർ ജി.ഒ.(ആർടി) നം.4880/2019/പൊ.വി.വ തീയതി 16.11.2019 പ്രകാരം നിരസിച്ചു.

ശ്രീമതി റീന ജോർജിനെ ഒ.എ ആയി സ്ഥാനകയറ്റം നൽകിയ ഒഴിവിൽ ശ്രീമതി.നിഷ എ.-യെ സെന്റ് ജോസഫ് ഹൈസ്കൂൾ, ചാത്തേടത്ത് 01.07.2014 മുതൽ എഫ്.ടി.എം ആയി നിയമിച്ചു. ശ്രീമതി റീന ജോർജിന്റെ സ്ഥാനകയറ്റം അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ ശ്രീമതി നിഷ എ.എ.-യുടെ നിയമനംഗീകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

അപ്രകാരമിരിക്കെ ശ്രീമതി നിഷ എ.എ.-യെ സെന്റ് ആന്റണീസ് യു.പി. സ്കൂൾ, മാള, പള്ളിപ്പുറത്ത് ഓഫീസ് അറ്റൻഡന്റ് ആയി ഡെയ്സി സി.ഒ.-യുടെ റിട്ടയർമെന്റ് ഒഴിവിൽ 02.05.2018 നിയമിച്ചു. എഫ്.ടി.എം. തസ്തികയിലെ അംഗീകാരത്തിനു ശേഷം നിയമന ഉത്തരവ് പുനർസമർപ്പിക്കാൻ എ.ഇ.ഒ നിർദേശിച്ചു. ആയത് ചോദ്യം ചെയ്ത് സർക്കാരിൽ റിവിഷൻ സമർപ്പിച്ചു. ആയത് സർക്കാർ നിരസിച്ചു. ജി.ഒ. (ആർടി) നം.4909/2019/പൊ.വി.വ തീയതി 18.11.2019.

ശ്രീമതി കെ.ജി.സിംല-യെ 01.07.2014 മുതൽ സെന്റ് മേരീസ് ഹൈസ്കൂൾ, പള്ളിപ്പുറത്ത് എഫ്.ടി.എം ആയി നിയമിച്ചു. ശ്രീ തോമസ് മിഥുൻ-നെ ഒ.എ, സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്.ൽ നിന്നും സസ്പെൻഡ് ചെയ്ത ഒഴിവിൽ ശ്രീമതി ഷൈനി എം.ജി-യെ പ്രൊമോട്ട് ചെയ്തു. ശ്രീമതി ഷൈനി എം.ജി.-യുടെ ഒഴിവിൽ ശ്രീ ജോബി ജോണിനെ ട്രാൻസ്ഫർ ചെയ്തു. പ്രസ്തുത ഒഴിവിലാണ് ശ്രീമതി സിംലയെ നിയമിച്ചത്. (പ്രസ്തുത ഒഴിവ് 2010-2011 അദ്ധ്യയന വർഷം ലഭ്യമായിരുന്നതാണ്. എന്നാൽ കുട്ടികളുടെ കുറവ് മൂലം തസ്തികയിൽ കുറവ് സംഭവിക്കും എന്ന കാരണത്താലാണ് പ്രസ്തുത ഒഴിവിലെ ശ്രീമതി റീന ജോർജിന്റെ ആദ്യ നിയമനം നിരസിച്ചത്) ആയത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ 22.04.2016-ലെ ഉത്തരവ് പ്രകാരം നിരസിച്ചു.

ശ്രീമതി കെ.ജി.സിംല-യെ, 01.06.2017 മുതൽ, ശ്രീ.ജോബി ജോണിന് സ്ഥാനകയറ്റം നൽകിയ ഒഴിവിൽ സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്., ഗോതുരുത്തിൽ എഫ്.ടി.എം ആയി നിയമിച്ചു. ശ്രീമതി ഷൈനിയെ ഒ.എ തസ്തികയിൽ നിന്നും എൽ.ജി ഹിന്ദി ആയി സ്ഥാനകയറ്റം നൽകിയ ഒഴിവിൽ ശ്രീ.ജോബി ജോണിന് സ്ഥാനകയറ്റം നൽകി. പ്രസ്തുത ഒഴിവിലാണ് ശ്രീമതി.കെ.ജി.സിംല-യെ നിയമിച്ചത്. ശ്രീ.ജോബി ജോണിന്റെ എഫ്.ടി.എം തസ്തികയിലെ നിയമനം തസ്തികയിൽ കുറവ് സംഭവിച്ചു എന്ന കാരണത്താൽ അംഗീകരിച്ചിട്ടില്ല എന്നതിനാൽ സ്ഥാനകയറ്റം അംഗീകരിച്ചില്ല. നിയമനം തസ്തിക ലഭ്യമല്ല എന്ന കാരണത്താൽ നിയമനംഗീകാരം നിരസിച്ചു.

പിന്നീട് 01.08.2017 മുതൽ ശ്രീമതി കെ.ജി. സിംല-യെ സെന്റ് മേരീസ് ഹൈസ്കൂൾ, പള്ളിപ്പുറത്ത് ഒരു വിരമിക്കൽ ഒഴിവിൽ എഫ്.ടി.എം ആയി നിയമിച്ചു. പ്രൊട്ടക്റ്റഡ് അനദ്ധ്യാപകരെ നിയമിക്കണമെന്ന കാരണത്താൽ പ്രസ്തുത നിയമനത്തിനുള്ള അംഗീകാരം നിരസിച്ചു. ആയത് ചോദ്യം ചെയ്ത് സമർപ്പിച്ച അപ്പീലിൽ തീരുമാനം ആകാത്തതിനാൽ സർക്കാർ മുമ്പാകെ റിവിഷൻ സമർപ്പിച്ചു. പ്രസ്തുത റിവിഷൻ ഹർജി സർക്കാർ ജി.ഒ.(ആർടി) നം. 4923/19/പൊ.വി.വ തീയതി 18.11.2019 പ്രകാരം നിരസിച്ചു.

റിട്ടയർമെന്റ് ഒഴിവിൽ പ്രൊട്ടക്റ്റഡ് അനദ്ധ്യാപകരെ നിയമിക്കേണ്ട ആവശ്യമില്ല എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ പരിഗണിക്കാതെയാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ഈ സംഗതികൾ എല്ലാം വിശദമായി പരിശോധിച്ച് ഉത്തരവിറക്കാൻ ബഹു. ഹൈകോടതി റിട്ട് ഹർജി നം. 7495/2020 വിധിയിൽ സർക്കാരിനോട് നിർദേശിച്ചു.

02.07.2012 മുതൽ റീന ജോർജ്-ന്റെ എഫ്.ടി.എം ആയുള്ള നിയമനം അംഗീകരിക്കാതിരുന്നത് 2012-2013 അദ്ധ്യയന വർഷം തസ്തികയിൽ കുറവ് വന്നു എന്ന കാരണത്താലാണ്. സർക്കാർ ജി.ഒ(പി) നം.199/2011/പൊ.വി.വ തീയതി 01.10.2011 ഉത്തരവ് പ്രകാരം 2010-2011 അദ്ധ്യയന വർഷത്തിലെ തസ്തിക നിർണയ ഉത്തരവ് തുടരാൻ നിർദേശിച്ചു. സർക്കാർ സർക്കുലർ നം.31904/ജെ2/12/പൊ.വി.വ തീയതി 06.06.2012 പ്രകാരം 2010-2011 അദ്ധ്യയന വർഷത്തിലെ തസ്തിക നിർണയ ഉത്തരവ് 2012-2013 അദ്ധ്യയന വർഷം തുടരാൻ നിർദേശിച്ചു. സർക്കാർ സർക്കുലർ നം.45285/ജെ2/13/പൊ.വി.വ തീയതി 30.07.2013 പ്രകാരം 2010-2011 തസ്തിക നിർണയ ഉത്തരവ് 2013-2014 അദ്ധ്യയന വർഷം തുടരാൻ നിർദേശിച്ചു. സർക്കാർ സർക്കുലർ നം.49982/ജെ2/12/പൊ.വി.വ തീയതി 10.09.2012 പ്രകാരം 2010-2011 അദ്ധ്യയന വർഷത്തിലെ തസ്തിക നിർണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുവാൻ നിർദേശിച്ചു. സമാന സംഗതിയിൽ പിന്നീട് കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തസ്തിക കുറവ് വന്ന അവസരത്തിലും 2010-2011 അദ്ധ്യയന വർഷത്തിലെ തസ്തിക നിർണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള വർഷങ്ങളിൽ നടത്തിയ നിയമനങ്ങൾ അംഗീകരിക്കാൻ ബഹു.ഹൈകോടതി റിട്ട് ഹർജി നം. 37644/2017 തീയതി 24.05.2019, റിട്ട് ഹർജി നം. 38114/2018 തീയതി 15.01.2021 വിധിപ്രകാരം നിർദേശിച്ചു. സർക്കാർ നിരവധി ഉത്തരവുകൾ പ്രകാരം 2011-2012 മുതൽ 2015-2016 വരെ നടത്തിയ നിയമനങ്ങളിൽ അന്നുണ്ടായിരുന്ന ഉത്തരവുകൾ പ്രകാരം അനുവദനീയമായ ഒഴിവുകളിലെ നിയമനമായി കണക്കാക്കി അംഗീകരിക്കുവാൻ ഉത്തരവായി. ജി.ഒ.(ആർടി) നം.1361/2016/പൊ.വി.വ തീയതി 08.04.2016, ജി.ഒ(ആർടി) നം.2684/2017/പൊ.വി.വ തീയതി 09.08.2017 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ നിയമനാംഗീകാരം നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ റീന ജോർജിന്റെ 02.07.2012 മുതലുള്ള എഫ്.ടി.എം ആയുള്ള നിയമനം അംഗീകരിക്കാവുന്നതാണ്. ഇതേ സാഹചര്യത്തിൽ സിംലയുടെ 01.07.2014 മുതലുള്ള നിയമനവും അംഗീകരിക്കത്തക്കതാണ്.

02.06.2016 മുതൽ ശ്രീമതി. റീന ജോർജിന്റെ, ശ്രീ.ഡെന്നി പി.ജി.-യുടെ സ്ഥാനകയറ്റം നൽകിയ ഒഴിവിലെ നിയമനം അംഗീകരിക്കാതിരുന്നത് സീനിയർ നിയമിതയായ ശ്രീമതി.ഷൈനി എം.ജി.-യുടെ നിയമനം അംഗീകരിക്കാതിരുന്നത് കൊണ്ടാണ്. ശ്രീമതി

ഷൈനി എം.ജി.-യെ സ്കൂളിലെ മറ്റൊരു ഒ.എ ആയ ശ്രീ.മിഥുൻ തോമസിന് 24.07.2013 മുതലുള്ള സസ്പെൻഷൻ ഒഴിവിലാണ് നിയമിച്ചിരുന്നത്. അപ്രകാരമുള്ള സസ്പെൻഷൻ ഒഴിവിലെ നിയമനം അംഗീകരിക്കാവുന്നതാണ്. ഇത് വ്യക്തമാക്കിയുള്ള സർക്കാർ കത്ത് നം.10782/എസ്.പി.എൽ-2/88-പൊ.വി.വ തീയതി 05.12.1988. സർക്കാർ ഉത്തരവ് (ആർടി) നം.3098/2019/പൊ.വി.വ തീയതി 30.07.2019-ലും സമാനമായ നിയമനം, അഗീകരിച്ചിട്ടുണ്ട്. അപ്രകാരം ശ്രീമതി ഷൈനി എം.ജി.-യുടെ സസ്പെൻഷൻ ഒഴിവിലെ നിയമനം അഗീകരിക്കുകയും തുടർന്ന് ശ്രീമതി റീന ജോർജിനെ 02.06.2014 മുതൽ നിയമിച്ച റെഗുലർ ഒഴിവിൽ ശ്രീമതി. ഷൈനി എം.ജി.-യുടെ ലീൻ മാറ്റി ഷൈനി എം.ജി.- തുടർന്നിരുന്ന സസ്പെൻഷൻ ഒഴിവിൽ ശ്രീമതി.റീന ജോർജിനെ ഉൾക്കൊള്ളാവുന്നതാണ്. പിന്നീട്, ശ്രീ.മിഥുൻ തോമസിനെ സർവീസിൽ 01.04.2019-ൽ തിരികെ എടുത്തുവെങ്കിലും 31.03.2019-ൽ ശ്രീമതി മരിയ ഗൊരെറ്റി സർവീസിൽ നിന്നും വിരമിച്ചതിനാൽ തസ്തികയിൽ കുറവ് സംഭവിച്ചിട്ടില്ലാത്തതിനാൽ അപ്രകാരമിരിക്കെ ഷൈനി എം.ജി.-യെ എൽ.ജി ഹിന്ദി ആയി 15.07.2017 ൽ നിയമിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു. 24.09.2021ലെ ഉത്തരവ് ശ്രീമതി.റീന ജോർജിനെ സർവീസിൽ തുടരാൻ തുടർന്നും തസ്തിക ലഭ്യമാണ്.

ശ്രീ.ഡെന്നി പി.ജി-യുടെ സ്ഥാനകയറ്റ ഒഴിവിലേക്ക് 02.06.2014-ൽ സ്ഥാനകയറ്റം നൽകിയ ശ്രീമതി റീന ജോർജിന്റെ സ്ഥാനകയറ്റം അംഗീകരിക്കാതിരുന്നത് സീനിയർ അപ്പോയ്ന്റി ആയ ഷൈനി എം.ജി.-യുടെ സ്ഥാനകയറ്റം അംഗീകരിക്കാതിരുന്നതുകൊണ്ടാണ്. ശ്രീമതി റീന ജോർജിന്റെ സ്ഥാനകയറ്റം അംഗീകരിക്കാതിരുന്നതിനാലാണ് ശ്രീമതി നിഷ എ.യുടെ 01.07.2014 മുതലുള്ള എഫ്.ടി.എം നിയമനവും അംഗീകരിക്കാതിരുന്നതും തുടർന്ന് 02.05.2018 മുതലുള്ള ഒ.എ. ആയുള്ള സ്ഥാനകയറ്റം അംഗീകരിക്കാതിരുന്നതും അപ്രകാരം തന്നെ ശ്രീമതി റീന ജോർജ്, ശ്രീമതി നിഷ എ.എ, ശ്രീമതി ഷൈനി എം.ജി എന്നിവരുടെ സ്ഥാനകയറ്റം അംഗീകരിക്കാത്തതു മൂലമാണ് ശ്രീമതി സിംല കെ.ജിയുടെ 01.07.2014 മുതലുള്ള നിയമനവും 01.06.2017 വരെയുള്ള നിയമനവും അംഗീകരിക്കാതിരുന്നത്. പ്രസ്തുത തസ്തികകളുടെ ലഭ്യതയെകുറിച്ച് യാതൊരു തർക്കവും നിലവിലില്ല. സമാന സാഹചര്യത്തിൽ ലഭ്യമായ തസ്തികകളുടെ നിയമനങ്ങൾ അംഗീകരിക്കാൻ സർക്കാർ ഉത്തരവുള്ളതാണ്.

മേൽ സംഗതികൾ പരിഗണിച്ച് ശ്രീമതി റീന ജോർജിന്റെ 02.07.2012 മുതലുള്ള എഫ്.ടി.എം. നിയമനവും 02.06.2014 മുതലുള്ള ഓഫീസ് അറ്റൻഡന്റ് ആയുള്ള നിയമനവും ശ്രീമതി നിഷ എ,-യുടെ 01.07.2014 മുതലുള്ള എഫ്.ടി.എം നിയമനവും 02.05.2018 മുതലുള്ള ഒ.എ നിയമനവും ശ്രീമതി കെ.ജി.സിംല-യുടെ 01.07.2014 മുതലുള്ള എഫ്.ടി.എം നിയമനവും 01.06.2017 മുതലുള്ള എഫ്.ടി.എം നിയമനവും അംഗീകരിച്ച് നൽകണമെന്നാണ് അപേക്ഷ.

3. മാനേജരുടെ വാദഗതികൾ ഇപ്രകാരമാണ്.

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, കോട്ടപ്പുറം രൂപത, കൊടുങ്ങല്ലൂർ തൃശ്ശൂർ ജില്ലയുടെ കീഴിൽ ഒരു ഹയർ സെക്കൻഡറി സ്കൂളും 3 ഹൈസ്കൂളുകളും 2 യു.പി. സ്കൂളുകളും 14 എൽ.പി. സ്കൂളുകളും ഉണ്ട്. പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിൽ എഫ്.ടി.എം. ആയി ജോലി ചെയ്തിരുന്ന ശ്രീ.ഡെന്നി പി.ജി.യെ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനകയറ്റം ചെയ്ത ഒഴിവിൽ ശ്രീമതി റീന ജോർജ്ജിനെ 02/07/2012 മുതൽ തുടർച്ചയായി എഫ്.ടി.എം ആയി നിയമിച്ചു. എന്നാൽ 2012-2013ൽ വിദ്യാർത്ഥികളുടെ എണ്ണം 627 ആയി കുറഞ്ഞതിനാൽ എഫ്.ടി.എം ഒരു തസ്തിക ഇല്ലാതായെന്നും ആയതിനാൽ ശ്രീമതി റീന ജോർജ്ജിനെ ഉൾക്കൊള്ളാൻ തസ്തിക

ഇല്ലാ എന്നും കാണിച്ച് എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നിരസിക്കുകയുണ്ടായി.

01/11/2012 മുതൽ ഇതേ മാനേജ്മെന്റിന്റെ കീഴിലുള്ള ചാത്തേടം സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ എഫ്.ടി.എം.ന്റെ തസ്തിക ഒഴിവുണ്ടായി പ്രസ്തുത ഒഴിവിൽ ശ്രീമതി ജോബി ജോണിനെ നിയമിക്കുകയുണ്ടായി. 2012-2013ൽ കുട്ടികളുടെ ഇഫക്ടീവ് സ്ട്രങ്ങ്ത്ത് 700 ൽ കുറഞ്ഞു എന്ന കാരണം ചൂണ്ടിക്കാട്ടി ശ്രീമതി റീന ജോർജ്ജിന്റെ നിയമനം നിരസിക്കപ്പെട്ടിരുന്ന അവസരത്തിൽ, ആദ്യം നിയമിക്കപ്പെട്ട് ജോലി ചെയ്തുവരുന്ന ആൾക്ക് തസ്തിക ഇല്ലാത്ത അവസ്ഥയും രണ്ടാമത് നിയമിക്കപ്പെട്ട ശ്രീമതി ജോബി ജോണിന് തസ്തിക ലഭിക്കുന്ന അവസ്ഥയും സംജാതമായി. ആദ്യം നിയമിക്കപ്പെട്ട ആളുടെ നിയമനം അംഗീകരിച്ച ശേഷമേ രണ്ടാമത് നിയമിച്ച ആളുടെ നിയമനം അംഗീകരിക്കു എന്നതാണ് വിദ്യാഭ്യാസ ഓഫീസുകൾ എടുക്കുന്ന നിലപാട്. ആദ്യം നിയമിക്കപ്പെട്ട ശ്രീമതി റീന ജോർജ്ജിനെ 22/06/2013 മുതൽ സെന്റ് ജോസഫ്സ് എച്ച്.എസ്. ചാത്തേടത്തേയ്ക്കും, ചാത്തേടത്തു നിന്ന് 25/06/2013 മുതൽ ശ്രീമതി ജോബി ജോണിനെ പള്ളിപ്പുറം സെന്റ് മേരീസ് എച്ച്.എസ്.ലേക്കും സ്ഥലം മാറ്റി നിയമിക്കുകയും ചെയ്തു.

2010-2011 ൽ പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിൽ എഫ്.ടി.എം. തസ്തിക 2 എണ്ണം ഉണ്ടായിരുന്നു. ജി.ഒ(പി) 199/11/പൊ.വി. തി. 01/10/2011 പ്രകാരം കുട്ടികളുടെ യു.ഐ.ഡി. എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയ ഉത്തരവ് നൽകുന്നതുവരെ 2010-2011 ലെ എല്ലാ ഡിവിഷനുകളും തസ്തികകളും തുടരും എന്നതാണ് ഉത്തരവ്. 2010-2011 ലെ അതേ എണ്ണം തസ്തികകളാണ് 2012-2013ലും നിലനില്ക്കുന്നതെന്ന് സർക്കുലർ നമ്പർ ജെ2/31904/12 പൊ.വി. തി. 06/06/2012 ഖണ്ഡിക 2ൽ വ്യക്തമാക്കിയിരിക്കുന്നു. 2010-2011 ൽ പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിൽ 2 എഫ്.ടി. മീനിയൽ തസ്തിക ഉണ്ടായിരുന്നതിനാൽ 2011-2012 ലും 2012 -2013 ലും അതേ എണ്ണം തസ്തികകൾ തുടർന്നിരുന്നുവെന്നത് സർക്കാർ സർക്കുലറിൽ നിന്നും വ്യക്തമാണല്ലോ? ഇതേ സ്കൂളിൽ ഫുൾടൈം അറബിക്ക് തസ്തികയിൽ 01/06/2011 മുതൽ നിയമിക്കപ്പെട്ട ശ്രീമതി ഫസീല എന്ന അധ്യാപികയുടെ തസ്തിക 2010-2011 ൽ നിലനിന്നിരുന്നതാണ് എന്ന ഒറ്റക്കാരണം ചൂണ്ടിക്കാട്ടി നിയമനം അംഗീകരിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി നിയമനം അംഗീകരിക്കുകയും ഉണ്ടായിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ച് സെന്റ് മേരീസ് എച്ച്.എസ്.പള്ളിപ്പുറത്ത് എഫ്.ടി.എം തസ്തികയിൽ തുടർച്ചയായി 02/07/2012 മുതൽ നിയമിച്ച ശ്രീമതി റീന ജോർജ്ജിന് നിയമനാംഗീകാരം നൽകുന്നതിനും തുടർന്ന് 01/11/2012ൽ ചാത്തേടം സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ എഫ്.ടി.എം തസ്തികയിൽ നിയമിച്ച ശ്രീമതി ജോബി ജോണിന്റെ നിയമനത്തിനും അംഗീകാരം നൽകുന്നതിനുള്ള ഉത്തരവ് ഉണ്ടാകേണ്ടതാണ്.

ശ്രീമതി ജോബി ജോൺ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിവിഷൻ പെറ്റീഷൻ നം.419/21 തീർപ്പാക്കുന്നത് സംബന്ധിച്ച് ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവ് താഴെ കൊടുക്കുന്നു.

സീനിയർ നിയമനാർത്ഥിയായ ശ്രീമതി റീന ജോർജ്ജിന്റെ 02/07/2012 മുതലുള്ള

നിയമനത്തിന് അംഗീകാരം ലഭിച്ചാൽ മാത്രമേ ജൂനിയർ നിയമനാർത്ഥിയായ ശ്രീമതി ജോബി ജോണിന്റെ 01/11/2012 മുതലുള്ള നിയമനം പരിഗണിക്കാനാവുകയുള്ളൂ. ആയതിനാൽ ശ്രീമതി റീന ജോർജ്ജിന്റെ 02/07/2012 മുതൽ പള്ളിപ്പുറം സെന്റ് മേരീസ് എച്ച്.എസ്.ലെ എഫ്.ടി.എം ആയുള്ള നിയമനം അംഗീകരിക്കുന്നതിന് ആവശ്യമായ രേഖകൾ സഹിതം ആവശ്യമെങ്കിൽ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ/നിയമ പ്രകാരമുള്ള ആഡിറ്റ് അധികാരിയുടെ മുൻകൂർ അനുമതിയോടെ എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുവാൻ കോട്ടപ്പുറം രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി മാനേജർക്ക് നിർദ്ദേശം നൽകുന്നു. ശ്രീമതി റീന ജോർജ്ജിന്റെ 02/07/2012 മുതലുള്ള എഫ്.ടി.എം നിയമനത്തിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ശ്രീമതി ജോബി ജോണിന്റെ 01/11/2012 മുതൽ ചാത്തേടം സെന്റ് ജോസഫ്സ് എച്ച്.എസ്.ലെ എഫ്.ടി.എം നിയമനത്തിനും അംഗീകാരം ലഭിക്കുകയുള്ളൂ. ഈ വിഷയത്തിൽ ഉചിതമായ ഉത്തരവ് ഉണ്ടായി, ശ്രീമതി റീന ജോർജ്ജിന്റെ 02/07/2012 മുതലുള്ള പള്ളിപ്പുറം സെന്റ് മേരീസ് എച്ച്.എസ്.ലെ എഫ്.ടി.എം നിയമനവും ശ്രീമതി ജോബി ജോണിന്റെ 01/11/2012 മുതലുള്ള ചാത്തേടം സെന്റ് ജോസഫ്സ് എച്ച്.എസ്.ലെ എഫ്.ടി.എം നിയമനവും അംഗീകരിച്ച് ഉത്തരവ് ഉണ്ടാകുവാൻ ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും, എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും യഥാക്രമം നിർദ്ദേശം നൽകേണ്ടതാണ്.

പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ഡെന്നി പി.ജി.ക്ക് സ്ഥാനകയറ്റം നൽകി ജൂനിയർ ഹിന്ദി അധ്യാപകൻ ആക്കിയപ്പോൾ ഒഴിവ് വന്ന ഒ.എ തസ്തികയിൽ 01/04/2014 മുതൽ സീനിയർ ആയ ശ്രീമതി റീന ജോർജ്ജിനെ ഓഫീസ് അറ്റൻഡന്റ് ആക്കിയ നടപടിക്ക് അംഗീകാരം നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ ഒ.എ ആയിരുന്ന ശ്രീമതി ഷൈനി എം.ജി. ജൂനിയർ ഹിന്ദി അധ്യാപികയായി പ്രമോഷൻ ലഭിച്ചപ്പോൾ വന്ന ഒഴിവിൽ 01/06/2017ൽ ശ്രീമതി ജോബി ജോണിനെ ഒ.എ ആയി പ്രമോഷൻ നൽകിയതിന് അംഗീകാരം നൽകുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ശ്രീമതി റീന ജോർജ്ജിനെ ഒ.എ ആയി 02/06/2014ന് പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിലേക്ക് മാറ്റിയ ഒഴിവിൽ ശ്രീമതി നിഷ എ.എ.യെ 02/06/2014 മുതൽ എഫ്.ടി.എം. ആയി നിയമിച്ചതിന് അംഗീകാരം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കണം, തുടർന്ന് ശ്രീമതി നിഷ എ.എ യെ 02/05/2018 മുതൽ ശ്രീമതി ഡെയ്സി സി.ഒ.യുടെ റിട്ടയർമെന്റ് ഒഴിവിൽ ഒ.എ ആയി നിയമിച്ചതും അംഗീകരിക്കപ്പെടേണ്ടതാണ്. ശ്രീമതി നിഷ എ.എ.യെ ഒ.എ ആയി നിയമിച്ച ഒഴിവിൽ 02/05/2018 മുതൽ ശ്രീമതി ജിന്നി വി.ജെ എഫ്.ടി.എം ആയി നിയമിച്ചതും അംഗീകരിക്കപ്പെടേണ്ടതാണ്. ശ്രീമതി സിംല കെ.ജി.യെ 01/07/2014 മുതൽ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ ഗോതുരുത്തിൽ ശ്രീ ഡെന്നി പി. ജി. യുടെ ഒഴിവിൽ എഫ്.ടി.എം ആയി നിയമനം നടത്തിയതും അംഗീകരിക്കപ്പെടേണ്ടതാണ്.

ശ്രീമതി സിംല കെ.ജി.യെ 01/04/2020 മുതൽ ശ്രീമതി സൗമ്യ. പി. എ.യുടെ ഒ.എ ഒഴിവിൽ സെന്റ് തോമസ് യു.പി. സ്കൂളിൽ നിയമിച്ചതും അംഗീകരിക്കപ്പെടേണ്ടതാണ്.

ശ്രീ. വിൽഫി ഡി. അൽമേഡ-യെ എഫ്.ടി.എം ആയി നിയമിച്ചത്. ശ്രീമതി ജോബി ജോണിന്റെ ഒ.എ. ആയി വന്ന പ്രൊമോഷൻ ഒഴിവിലാണ്. ഈ നിയമനത്തിന് 01/08/2017

മുതൽ പ്രാബല്യം ഉള്ളതാണ്. ശ്രീമതി റെക്സിയെ എഫ്.ടി.എം. ആയി നിയമിച്ചത് 01/04/2020 മുതൽക്കാണ്. ശ്രീമതി. സിംല കെ.ജി., ഒ.എ ആയി പ്രൊമോഷൻ ലഭിച്ചപ്പോൾ വന്ന ഒഴിവിലാണ്.

ടി നിയമനങ്ങൾ എല്ലാം തന്നെ വിവിധ ഓഫീസുകളിലായി നിയമനാംഗീകാരം ലഭിക്കാതെ പെൻഡിങ്ങായി നിലനിൽക്കുകയാണ് ശ്രീമതി റീന ജോർജ്ജിന്റെ എഫ്.ടി.എം ആയുള്ള 02/07/2012 മുതലുള്ള പള്ളിപ്പുറം സെന്റ് മേരീസ് എച്ച്.എസ്.ലെ നിയമനത്തിന് അംഗീകാരം ലഭിച്ചാൽ മാത്രമേ തുടർന്നുള്ള നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കുകയുള്ളൂ.

4. മാള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

മാള വിദ്യാഭ്യാസ ഉപജില്ലയുടെ പരിധിയിൽ വരുന്ന സെന്റ് ആന്റണീസ് യു.പി.എസ് മാള പള്ളിപ്പുറം സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി ഡെയ്സി സി.ഒ. 30/04/2018 ന് സർവീസിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീമതി നിഷ എ.എ.യെ 02/05/2018 മുതൽ മാനേജർ നിയമിച്ചു. എന്നാൽ നിഷ എ.എ.യുടെ 01/07/2014 മുതലുള്ള എഫ്.ടി.എം തസ്തികയിലെ നിയമനം അംഗികരിക്കാത്തതിനാൽ പ്രസ്തുത നിയമനം അംഗീകരിച്ചതിന് ശേഷം പുനർ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി. ഈ നിയമന പ്രൊപ്പോസൽ മാനേജർക്ക് തിരികെ നൽകി. ഈ രണ്ട് നിയമനങ്ങളും അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൾ സർക്കാരിൽ റിവിഷൻ ഹർജി ഫയൽ ചെയ്യതിനോടൊപ്പം ബഹുമാനപെട്ട ഹൈക്കോടതിയിൽ അന്യായം നം.1781/19 ഫയൽ ചെയ്തു. ഈ അന്യായത്തിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി 21/01/2019ന് പുറപ്പെടുവിച്ച വിധിന്യായ പ്രകാരം ശ്രീമതി നിഷ എ.എ. സർക്കാരിൽ ഫയൽ ചെയ്ത റിവിഷൻ ഹർജി പരിഗണിച്ച് 3 മാസത്തിനകം തീരുമാനമെടുക്കുന്നതിന് നിർദ്ദേശം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിൽ വാദം കേൾക്കൽ നടത്തി സ.ഉ.(സാധാ) നം.4909/2019/പൊ.വി.വ. തിയതി 12/11/2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. മേൽ ഉത്തരവിൽ ശ്രീമതി റീന ജോർജിന്റെ 02/06/2014 മുതലുളള ഓഫീസ് അറ്റൻഡന്റ് നിയമനം അംഗീകരിക്കാത്തതിനാൽ പ്രസ്തുത വേക്കൻസിയിൽ നിയമിച്ച ശ്രീമതി നിഷ എ.എ.യുടെ 01/07/2014 മുതലുളള എഫ്.ടി.എം നിയമനം അംഗീകരിക്കുന്നതിനുള്ള ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ലെന്നും ആയതിനാൽ ടി നിയമനം പരിഗണനാർഹമല്ലെന്നും ഉത്തരവായി. എഫ്.ടി.എം ആയുള്ള നിയമനം അംഗീകരിക്കാത്തതിനാൽ ഓഫീസ് അറ്റൻഡന്റ് ആയിട്ടുളള 02/05/2018ലെ പ്രൊമോഷൻ നിയമനവും അംഗീകരിക്കാൻ സാധിക്കില്ലെന്നും ഉത്തരവ് നൽകി വിധിന്യായം നടപ്പിലാക്കി ഉത്തരവായിട്ടുള്ളതാണ്. മേൽ സാഹചര്യം ഇപ്പോഴും നില നിൽക്കുന്നതിനാൽ ടിയാരിയുടെ റിട്ട് പെറ്റീഷൻ നം.7495/2020ലെ ആവശ്യം പരിഗണണാർഹമല്ല എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

കോട്ടപ്പുറം ഡയോസിസ് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിൽ വരുന്ന പുതുതായി ഉയർത്തപ്പെട്ട വിഭാഗത്തിൽ ഉൾപ്പെടുന്ന പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ ആയിരുന്ന ശ്രീ.ഡെന്നി പി.ജി.യെ ടി സ്കൂളിൽ തന്നെ 02/07/2012 മുതൽ ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകി നിയമിച്ചതുമൂലമുണ്ടായ ഒഴിവിലാണ് ശ്രീമതി റീന ജോർജിനെ 02/07/2012 മുതൽ ഫുൾ ടൈം മീനിയൽ ആയി മാനേജർ നിയമിച്ചത്. ടി സ്കൂളിൽ

2012-13 വർഷം വിദ്യാർത്ഥികളുടെ എണ്ണം 627 ആയി കുറഞ്ഞതിനാൽ ഒരു ഫുൾ ടൈം മീനിയൽ തസ്തിക നഷ്ടപ്പെട്ടു. ആയതിനാൽ ശ്രീമതി റീന ജോർജിനെ ഉൾക്കൊള്ളാൻ തസ്തികയില്ലെന്ന കാരണത്താൽ 29/01/2014ലെ B1/5282/12/K.Dis നമ്പർ ഉത്തരവ് പ്രകാരം ടിയാരിയുടെ നിയമനം എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

2010-11 ലെ തസ്തിക നിർണ്ണയം പിന്നീടുള്ള വർഷങ്ങളിലും തുടരുവാൻ സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ആണ് മാനേജർ ശ്രീമതി റീന ജോർജിനെ 02/07/2012 മുതൽ നിയമിച്ചിരുന്നത്. പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിൽ 2010-11 വർഷം 2 FTM തസ്തികകൾ അനുവദിച്ചിരുന്നു. എന്നാൽ ജി.ഒ.(പി) 29/16 പ്രകാരം നടത്തിയ തസ്തിക നിർണയത്തിൽ ടി സ്കൂളിലെ 2012-13 മുതലുള്ള തസ്തിക നിർണ്ണയ ഉത്തരവുകളിൽ 1 FTM തസ്തിക മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 2012-13 മുതൽ കുട്ടികളുടെ എണ്ണം അനുസരിച്ച് 2 FTM തസ്തിക ലഭ്യമാവില്ല എന്നതിനാൽ തന്നെ ഒഴിവ് സ്ഥാപിതമല്ല എന്ന വസ്തുത മാനേജർക്ക് അറിവുള്ളതാണ്. 2010-11 ൽ നിയമന അംഗീകാരത്തോടെ നിലനിന്ന അധ്യാപക/അനധ്യാപക ജീവനക്കാരെ 2015 -16 വരെ തസ്തികയില്ലാതെ തുടരുന്നതിനാണ് സർക്കാർ അനുമതി നൽകിയിരുന്നത്. എന്നാൽ ടി സ്കൂളിൽ ശ്രീമതി റീന ജോർജ്ജിനെ സൃഷ്ടിക്കപ്പെടാത്ത തസ്തികയിലേക്ക് പുതിയ നിയമനം നൽകി കോർപ്പറേറ്റ് മാനേജർ നിയമിച്ചു.

2010-11 അധ്യായന വർഷം മുതൽ പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിൽ ഫുൾ ടൈം മീനിയൽ തസ്തികയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | അനുവദിച്ച തസ്തികകളുടെ എണ്ണം | ജോലി ചെയ്തിരുന്ന ജീവനക്കാരുടെ പേര് | നിയമന തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2010-11 | 2 | മേരി ഒ.എം., സൗമ്യ പി.എ. | | Soumya P A on ML from 04.10.2010 & Promoted as Peon on 01.04.2011 |
| | | | മേരി ഒ.എം., ഡെന്നി പി.ജി. | ഡെന്നി പി.ജി 11.10.2010 | Denny P.G. Relieved on 31.03.2011 |
| 2 | 2011-12 | 2 | മേരി ഒ.എം., തോമസ് മിഥുൻ | തോമസ് മിഥുൻ 01.04.2011 | Thomas Midhun transferred to SJ HS Chathedom w.e.f. 31.03.2012 |
| 3 | 2012-13 | 1 | മേരി ഒ.എം., ഡെന്നി പി.ജി. | ഡെന്നി പി.ജി. reverted as FTM w.e.f. 31.03.2012 | Denny P.G. Promoted as Peon w.e.f. 02.07.2012 |
| | | | മേരി ഒ.എം., റീന ജോർജ്ജ് | റീന ജോർജ്ജ് 02.07.2012 | Reena George Transferred to SJHS Chathedom 21.06.2013 |

| | | | | | |
|---|---|---|---|---|---|
| 4 | 2013-14 | 1 | മേരി ഒ.എം., ജോബി ജോൺ | ജോബി ജോൺ | Joby John transferred to St.Sebastians HS Gothuruth 01.04.2014 |
| 5 | 2014-15 | 1 | മേരി ഒ.എം., ലിബിത കെ.എം. | ലിബിത കെ.എം. 01.04.2014 | Libitha K.M. Transferred to SJHS Chathedom on 02.06.2014 |
| | | | മേരി ഒ.എം., നിഷ എ.എ. | നിഷ എ.എ. - 02.06.2014 | Nisha A.A. Transferred to SJHS Chathedom on 01.07.2014 |
| 6 | 2015-16<br>2016-17 | 1 | മേരി ഒ.എം., സിംല കെ.ജി. | സിംല കെ.ജി. 01.07.2014 | Simla K.G. Transferred to St.Sebastians HS Gothuruth on 05.06.2017 |
| 7 | 2017-18 | 1 | മേരി ഒ.എം. | | Mary O.M. Retired on 31.07.2017 |
| | | | സിംല കെ.ജി. | Simla K.G. Rejoined on 01.08.2017 | |

ഇതേ മാനേജ്മെന്റിനു കീഴിലുള്ള ആലുവ വിദ്യാഭ്യാസ ജില്ലയിലെ ചാത്തേടം സെന്റ് ജോസഫ് ഹൈസ്കൂളിലെ ഫുൾടൈം മീനിയൽ ആയിരുന്ന ശ്രീ. തോമസ് മിഥുൻ-ന് 01/11/2012 മുതൽ ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി ജോബി ജോണിനെ മാനേജർ നിയമിച്ചുവെങ്കിലും സീനിയറായ ശ്രീമതി റീന ജോർജിന്റെ നിയമനം നിരസിച്ചതിനാൽ ഈ നിയമനവും നിരസിച്ചു. തുടർന്ന് കോർപ്പറേറ്റ് മാനേജർ ശ്രീമതി റീന ജോർജ്ജിനെ 22/06/2013 മുതൽ ചാത്തേടം സെന്റ് ജോസഫ്സ് ഹൈസ്കൂളിലേക്കും ശ്രീമതി ജോബി ജോണിനെ പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിലേക്കും മാറ്റി നിയമിച്ചു. പിന്നീട് മേൽ പട്ടികയിൽ പരാമർശിക്കുന്ന ആളുകളെ രണ്ടാമത്തെ FTM തസ്തികയിൽ നിയമിക്കുകയുണ്ടായി. സീനിയറായതിനാലും ഒഴിവ് വ്യവസ്ഥാപിതമായതിനാലും ശ്രീമതി റീന ജോർജ്ജിന്റെ 22/06/2013 മുതലുള്ള നിയമനം ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു.

ജി.ഒ.(പി) 29/ 2016ന്റെ അടിസ്ഥാനത്തിൽ നടത്തിയ തസ്തിക നിർണയ പ്രകാരം ശ്രീമതി റീന ജോർജ്ജ് ഉൾപ്പെടെയുള്ള മേൽ പട്ടികയിൽ പരാമർശിച്ച പുതിയ ജീവനക്കാരെ ഉൾക്കൊള്ളാനുള്ള തസ്തിക ലഭ്യമല്ല എന്ന് കാണുന്നു. 2010-11 ലെ തസ്തിക നിർണയം തുടരാൻ ഉള്ള ഉത്തരവ് പരിഗണിച്ച് മേൽ പരാമർശിച്ചവരുടെ പുതിയ നിയമനം പരിഗണിക്കാൻ കഴിയുമോ എന്നതു സർക്കാർ തലത്തിൽ തീരുമാനം എടുക്കേണ്ടതുണ്ട് എന്നും കാണുന്നു.

02.07.2012 മുതലുള്ള ശ്രീമതി റീന ജോർജിന്റെ ഫുൾടൈം മീനിയൽ നിയമനം അംഗീകരിച്ചാൽ മാത്രമേ ജൂനിയറായ ശ്രീമതി. ജോബി ജോൺ, ശ്രീമതി സിംല കെ.ജി., ശ്രീമതി നിഷ എ.എ. എന്നിവരുടെ നിയമനങ്ങളിൽ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

ജൂനിയറായ ശ്രീമതി. ലിബിത കെ.എം. നിയമനം അംഗീകരിക്കപ്പെടാത്തതിനാൽ രാജി വെച്ച് പോയതായി മാനേജർ അറിയിച്ചിട്ടുണ്ട്.

22/06/2013 മുതൽ ചാത്തേടം സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ തസ്തികയിൽ നിയമനാംഗീകാരം ലഭിച്ച ശ്രീമതി റീന ജോർജ്ജിനെ 02/06/2014 മുതൽ പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ.ഡെന്നി പി.ജി.ക്ക് 02/06/2014 തീയതി പ്രാബല്യത്തിൽ എൽ.ജി. ഹിന്ദി പാർട്ട് ടൈം തസ്തികയിൽ നിയമനം കിട്ടിയതിനെത്തുടർന്നുണ്ടായ ഒഴിവിൽ മാനേജർ നിയമിച്ചു. ഈ നിയമനവും അംഗീകരിക്കണമെന്ന ആവശ്യം ഹർജിയിൽ ഉന്നയിച്ചിട്ടുണ്ട്.

എന്നാൽ 2014-15 കാലയളവിൽ പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിൽ എൽ.ജി. ഹിന്ദി തസ്തിക ലഭ്യമാകാതിരുന്നതിനാൽ ശ്രീ. ഡെന്നി പി.ജി.യുടെ എൽ.ജി. ഹിന്ദി തസ്തികയിലെ നിയമനം ഈ കാര്യാലയത്തിലെ B1/3131/14 തീയതി 30/08/2014 പ്രകാരം മടക്കി നൽകിയിരുന്നു. തുടർന്ന് ഈ കാര്യാലയത്തിലെ 15/10/2016 ലെ B1/3130/14/K.Dis നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. റീന ജോർജ്ജിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനവും നിരസിച്ചു.

ഇതേ മാനേജ്മെന്റിലെ സീനിയർ ചട്ടം 43 അവകാശിയായ ശ്രീമതി. ഷൈനി എം.ജി.യെ ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ 01/04/2014 മുതൽ ശ്രീ.തോമസ് മിഥുൻ, ഓഫീസ് അറ്റൻഡന്റ്-ന്റെ സസ്പെൻഷൻ ഒഴിവിൽ നിയമിച്ചിരുന്നു. എന്നാൽ സസ്പെൻഷനിൽ തുടർന്ന ശ്രീ. തോമസ് മിഥുൻ 02/04/2018ൽ ജോലിയിൽ പുനഃപ്രവേശിച്ചു. ടിയാനെ 02/04/2018 മുതൽ പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിൽ 31/03/2018 ൽ ഉണ്ടായ വിരമിക്കൽ ഒഴിവിലേക്ക് പുനഃപ്രവേശിപ്പിച്ചിട്ടുണ്ട്.

ടിയാന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നതിനായി മാനേജർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. 15/07/2017 മുതൽ ശ്രീമതി. ഷൈനി എം.ജി.ക്ക് എൽ.ജി. ഹിന്ദി അധ്യാപിക ആയി നിയമനവും ലഭിച്ചിട്ടുണ്ട്. ഈ നിയമനം ഈ കാര്യാലയത്തിലെ B1/19860/2021 നമ്പർ ഉത്തരവ് തീയതി 24/09/2021 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ശ്രീ. തോമസ് മിഥുൻ-ന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ചാൽ ഷൈനി എം.ജി.ക്ക് നിലനിൽക്കുന്നതിനുള്ള ഒഴിവ് സ്ഥാപിതമാകും. ശ്രീ.തോമസ് മിഥുൻ 06/09/2019 മുതൽ തുടർച്ചയായി ജോലിക്ക് ഹാജരാകാത്തതിനെത്തുടർന്ന് മാനേജർ ടിയാനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുകയും ആയതിനു ഈ കാര്യാലയത്തിലെ ബി1/45365/2020/ഡി.ഡിസ് നമ്പർ ഉത്തരവ് തീയതി 04/01/2022 പ്രകാരം സാധൂകരണം നൽകിയിട്ടുള്ളതുമാണ്.

നിലവിൽ ഡെന്നി പി.ജി.യുടെ എൽ.ജി ഹിന്ദി തസ്തികയിലെ നിയമനം 02/06/2014 മുതൽ മുൻകാല പ്രാബല്യത്തോടെ മാള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ ശ്രീമതി. റീന ജോർജ്ജിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗികരിക്കുന്നതിനാവശ്യമായ ഒഴിവ് സ്ഥാപിതമാണ്. എന്നാൽ ചട്ടം 43 അവകാശിയായ ശ്രീമതി.ഷൈനി എം.ജി യുടെ ഓഫീസ് അറ്റൻഡന്റ് നിയമനം അംഗീകരിക്കപ്പെടാത്തതിനാൽ ശ്രീമതി. റീന ജോർജ്ജിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ല. ശ്രീമതി. ഷൈനി എം.ജി.യുടെ നിയമനം

അംഗീകരിച്ചാൽ മാത്രമേ ശ്രീമതി. റീന ജോർജ്ജിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 02/06/2014 മുതലുള്ള നിയമനം അംഗീകരിക്കാൻ കഴിയൂ എന്ന് എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ്

ചാത്തേടം സെന്റ് ജോസഫ്സ് സ്കൂളിലെ, എഫ്.ടി.എം ശ്രീ.തോമസ് മിഥുൻ-നു 01-11-2012 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി പ്രമോഷൻ നല്കിയ ഒഴിവിൽ 01-11-2012 മുതൽ ശ്രീമതി. ജോബി ജോണിനെ എഫ്.ടി.എം ആയി നിയമിച്ചിരുന്നു. എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന കോട്ടപ്പുറം രൂപത എഡ്യുക്കേഷൻ ഏജൻസിയുടെ സ്കൂളായ സെന്റ് മേരീസ് എച്ച്.എസ്. പള്ളിപ്പോർട്ട്-ൽ 02-07-2012 മുതൽ സ്ഥാനകയറ്റ ഒഴിവിൽ എഫ്.ടി.എം ആയി നിയമിച്ചിരുന്ന ശ്രീമതി.റീന ജോർജ്ജ്-നു 2012-13 ൽ കുട്ടികളുടെ എണ്ണക്കുറവ് മൂലം എഫ്.ടി.എം തസ്തിക നഷ്ടപ്പെടുന്നതിനാൽ മാനേജർ ആദ്യം നിയമിച്ച ശ്രീമതി. റീന ജോർജ്ജ്-നെ ചാത്തേടം സെന്റ് ജോസെഫ്സ് സ്കൂളിൽ ശ്രീമതി.ജോബി ജോൺ-നെ നിയമിച്ച ഒഴിവിലേക്ക് 22-06-2013 മുതൽ മാറ്റി നിയമിക്കുകയും ശ്രീമതി. റീന ജോർജ്ജ് നിലനിന്നിരുന്ന ഒഴിവിൽ 25-06-2013 ൽ ശ്രീമതി. ജോബി ജോൺ-നെ നിയമിക്കുകയും ചെയ്തു. റീന ജോർജ്ജ് സീനിയർ ആയതിനാലും ഒഴിവ് സ്ഥാപിതമായതിനാലും ശ്രീമതി. റീന ജോർജ്ജ്-ന്റെ 22-06-2013 മുതലുള്ള ടി നിയമനം നിന്നും അംഗീകരിച്ചിട്ടുള്ളതാണ്.

സ്ഥാപിത ഒഴിവ് ലഭ്യമല്ലാത്തതിനാൽ ശ്രീമതി. റീന ജോർജ്ജ്-ന്റെ 02-07-2012 മുതലുള്ള നിയമനവും സീനിയർ നിയമനം അംഗീകരിക്കാത്തതിനാൽ ശ്രീമതി. ജോബി ജോൺ-ന്റെ 01-11-2012 മുതലുള്ള നിയമനവും ഇതുവരെയും അംഗീകരിച്ചിട്ടില്ല. ശ്രീമതി റീന ജോർജ്ജ്-ന്റെ 02-07-2012 മുതലുള്ള നിയമനം അംഗീകരിച്ചാൽ മാത്രമേ ടി മാനേജ്മെന്റിന് കീഴിലുള്ള ജൂനിയർ ആയ ജോബി ജോൺ ഉൾപ്പെടെയുള്ള മറ്റ് നിയമനങ്ങൾ അംഗീകരിക്കാൻ കഴിയൂ.

ശ്രീമതി. ജോബി ജോൺ ബഹു. ഹൈകോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി നം.41382/2017-ന്റെ വിധിന്യായത്തിനെതിരെ ശ്രീമതി ജോബി ജോൺ ബഹു.ഹൈകോടതിയിൽ റിവിഷൻ ഹർജി 419/21 ന്മേൽ ബഹു ഹൈകോടതിയുടെ 29-07-2021 ലെ വിധിന്യായം പാലിച്ച് ഉചിതമായ ഉത്തരവ് നല്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദേശിക്കുകയും ഹർജിക്കാരി, മാനേജർ, 5-ആം പ്രതിവാദി എന്നിവരെ നേരിൽകേട്ട് ആയത് പ്രകാരം വിധിന്യായം പാലിച്ച് ഉത്തരവ് നം. B4/7020/21 തീയതി 07-01-2022 നു നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീമതി.റീന ജോർജ്ജ്-ന്റെ നിയമനം ഈ ഓഫീസിന്റെ പരിധിയിൽ വരുന്നതല്ല. 2012-13 ൽ തസ്തിക ഇല്ലാതായതിനാൽ ആണ് ടി നിയമനം നിരസിച്ചിട്ടുള്ളത്. എന്നാൽ 2010-11 ലെ തസ്തിക നിർണ്ണയം അടിസ്ഥാനമാക്കി 2011-12 മുതൽ 2014-15 വരെ നടത്തിയ സ്ഥിരം നിയമനങ്ങൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും, 2010-11 ലെ തസ്തിക നിർണയ പ്രകാരമുള്ള തസ്തികകൾ 2014-15 വരെ തുടരുന്നതുമാണ് എന്നു സർക്കാർ വ്യക്തമാക്കിയിട്ടുമുണ്ട്. ആയതിനാൽ ശ്രീമതി. റീന ജോർജ്ജ്-ന്റെ നിയമനപ്രൊപ്പോസൽ പുനഃസമർപ്പിക്കുന്നതിന് മേൽ ഉത്തരവിൽ മാനേജരോട് നിർദ്ദേശിച്ചിരുന്നു. ആയത് അംഗീകരിക്കുന്ന മുറയ്ക്ക് ശ്രീമതി. ജോബി ജോൺ-ന്റെ 01.11.2012 മുതലുള്ള നിയമനം അംഗീകരിക്കാനും കഴിയും.

ശ്രീമതി റീന ജോർജ്ജ്-ന്റെ എഫ്.ടി.എം നിയമനം അംഗീകരിക്കാത്തതിനാൽ

അംഗീകാരം ലഭിക്കാതെ നിൽക്കുന്ന സെന്റ് സെബാസ്റ്റ്യൻ ഗോതുരുത്, സെന്റ് ജോസഫ്സ് എച്ച്.എസ്. ചാത്തേടം എന്നിവിടങ്ങളിലെ മറ്റ് നിയമനങ്ങൾ താഴെ ചേർക്കുന്നു.

I. സെന്റ്ജോസെഫ്സ് എച്ച്. എസ്. ചാത്തേടം

1. ജോബി ജോൺ, FTM 01.11.2012 മുതൽ

2. റീന ജോർജ്ജ്, OA 02-06-2014 മുതൽ

3. നിഷ എ.എ., FTM 01-07-2014 മുതൽ

4. ജിന്നി വി.ജെ., FTM 02-05-2018 മുതൽ

5. മാത്യൂസ് മാമ്മൻ , FTM 26-05-2022 മുതൽ

II. സെന്റ് സെബാസ്റ്റ്യൻ എച്ച്.എസ്.എസ്., ഗോതുരുത്

1. ജോബി ജോൺ, OA 01-06-2017 മുതൽ

2. വിൽഫി ഡി. അൽമേഡ, FIM 01-06-2018 മുതൽ

7. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

കൊട്ടപ്പുറം അതിരൂപത മാനേജ്മെന്റിനു കീഴിൽ എറണാകുളം ജില്ലയിലെ പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിൽ എഫ്.ടി.എം. തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.ഡെന്നി പി.ജി.യെ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ മാനേജർ ശ്രീമതി റീന ജോർജ്-നെ 02.07.2012 മുതൽ എഫ്.ടി.എം ആയി നിയമിക്കുകയും 2012-13 വർഷം കുട്ടികളുടെ എണ്ണം കുറഞ്ഞതിനാൽ എഫ്.ടി.എം തസ്തിക ഒരെണ്ണം കുറയുകയും ടിയാൾക്ക് നിലനിൽക്കാൻ തസ്തിക ലഭ്യമല്ലാത്തതിനാൽ ടി നിയമനം എറണാകുളം ഡിഇഒ നിരസിക്കുകയും അപ്പീൽ 28.09.2015-ലെ B2/3407/2014 നമ്പർ ഉത്തരവ് പ്രകാരം അതെ കാരണത്താൽ നിരസിച്ച് ഉത്തരവാകുകയും ചെയ്തു. കൂടാതെ ടി മാനേജ്മെന്റിലെ തന്നെ ചാത്തേടം സെന്റ് ജോസഫ് ഹൈസ്കൂളിൽ എഫ്.ടി.എം ആയിരുന്ന തോമസ് മിഥുനെ ഓഫീസ് അറ്റൻഡന്റ് ആയി പ്രമോട്ട് ചെയ്ത ഒഴിവിൽ ശ്രീമതി ജോബി ജോൺ-നെ 01/11/2012 മുതൽ മാനേജർ നിയമിച്ചിരുന്നു. ആദ്യം നിയമിച്ച ശ്രീമതി റീന ജോർജ്-ന് തസ്തിക ഇല്ലാത്ത സാഹചര്യം വന്നതിനാൽ മാനേജർ 21/06/2013 പ്രാബല്യത്തിൽ ശ്രീമതി ജോബി ജോൺ-ന്റെ ചാത്തേടം സെന്റ് ജോസഫ് ഹൈസ്കൂളിലെ സേവനം അവസാനിപ്പിച്ചതായി മാനേജർ ഉത്തരവ് നൽകുകയും ശ്രീമതി റീന ജോർജ്-നെ 22/06/2013 മുതൽ ചാത്തേടം സെന്റ് ജോസഫ് എച്ച്.എസ്.ൽ എഫ്.ടി.എം ആയി മാറ്റി നിയമിക്കുകയും ശ്രീമതി ജോബി ജോൺ-നെ 25/06/2013 മുതൽ പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിൽ നിയമിക്കുകയും ചെയ്തു. ശ്രീമതി റീന ജോർജ്-ന്റെ 22/06/2013 മുതലുള്ള ചാത്തേടം സെന്റ് ജോസഫ് എച്ച്.എസ്.ലെ എഫ്.ടി.എം നിയമനം 03/02/2017 ലെ ബി4/7127/16/ഡി.ഡിസ് ഉത്തരവ് പ്രകാരം ആലുവ ഡി.ഇ.ഒ അംഗീകരിക്കുകയും ചെയ്തു.

2012-13 വർഷം കുട്ടികളുടെ എണ്ണത്തിന്റെ കുറവ് മൂലം എഫ്.ടി.എം തസ്തിക ഒരെണ്ണം കുറഞ്ഞതിനാൽ ശ്രീമതി റീന ജോർജ്-ന് 02/07/2012 മുതൽ നിലനിൽക്കാൻ തസ്തിക ലഭ്യമല്ലാത്തതിനാൽ ടി നിയമനം അംഗീകരിക്കാൻ സാധിക്കുകയില്ല. സീനിയർ ആയ ശ്രീമതി റീന ജോർജ്-ന് 02/07/2012 മുതലുള്ള നിയമനം അംഗീകരിക്കാത്തതിനാൽ ശ്രീമതി ജോബി ജോൺന്റെ നിയമനം പരിഗണിക്കാൻ ആവില്ല. ശ്രീമതി ജോബി ജോൺ 01/11/2012 മുതൽ 21/06/2013 വരെ ജോലി ചെയ്തത് പരിഗണിച്ച് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് തടസ്സമില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചെങ്കിലും ടിയാരി ടി വ്യവസ്ഥ നിരാകരിച്ചതായി ആലുവ ഡി.ഇ.ഒ. അറിയിച്ചിട്ടുണ്ട്.

തുടർന്ന് പള്ളിപ്പുറം സെന്റ് മേരീസ് എച്ച്.എസ്.ലെ ഒ.എ ആയിരുന്ന ഡെനി പി.ജി.യെ എൽ.ജി. ഹിന്ദി അധ്യാപകനായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 02/06/2014 മുതൽ മാനേജർ ശ്രീമതി.റീന ജോർജ്-നെ സ്ഥാനക്കയറ്റം നൽകി ഒ.എ ആയി നിയമിച്ചു. 2014-15 വർഷം എൽ.ജി (ഹിന്ദി) തസ്തിക നഷ്ടപ്പെട്ടതിനാൽ ശ്രീ.ഡെന്നി പി.ജി.യുടെ നിയമനം നിരസിക്കുകയും ടിയാനെ 02/06/2014 പ്രാബല്യത്തിൽ തന്നെ മാള സെന്റ് ആന്റണീസ് യു.പി.എസ്.ലേക്ക് മാനേജർ മാറ്റി നിയമിക്കുകയും ചെയ്തു. എന്നാൽ മുൻകാല പ്രാബല്യത്തിലുള്ള ടി ലാവണ ക്രമീകരണം എ.ഇ.ഒ അംഗീകരിച്ചില്ല. ടി കാരണങ്ങളാൽ ശ്രീമതി റീന ജോർജ്-ന്റെ 02/06/2014 മുതലുള്ള ഒ.എ നിയമനം 19/10/2016 ലെ ബി1/3130/14/കെ.ഡിസ് പ്രകാരം നിരസിക്കുകയും ഈ ആഫീസിൽ സമർപ്പിച്ച അപ്പീൽ 02/06/2017 ലെ ബി2/24666/16 പ്രകാരവും നിരസിക്കുകയും ചെയ്തു. തുടർന്ന് സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും 02/07/2012 മുതൽ 21/06/2013 വരെയുള്ള എഫ്.ടി.എം നിയമനവും 02/06/2014 മുതലുള്ള ഒ.എ നിയമനവും നിരസിച്ച് ഉത്തരവായിട്ടുള്ളതാണ്.

ശ്രീമതി റീന ജോർജ്-നെ 02/06/2014 മുതൽ ഒ.എ ആയി പ്രമോട്ട് ചെയ്ത ഒഴിവിൽ ശ്രീമതി നിഷ എ.യെ എഫ്.ടി.എം ആയി 01/07/2014 മുതൽ ചാത്തേടം സെന്റ് ജോസഫ്-ൽ മാനേജർ നിയമിച്ചു. ശ്രീമതി റീന ജോർജ്-ന്റെ ഒ.എ തസ്തികയിലെ പ്രമോഷൻ നിയമനം അംഗീകരിക്കാത്തതിനാൽ ഒഴിവ് സ്ഥപിതമല്ലാത്തതിനാൽ ആലുവ ഡി.ഇ.ഒ യും അപ്പീൽ നിരസിച്ചു. തുടർന്ന് മാനേജർ ശ്രീമതി നിഷ എ.യെ മാള സെന്റ് ആന്റണീസ് യു.പി.എസ്-ലേക്ക് 02/05/2018 മുതൽ ഒഎ ആയി സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും മാള എ.ഇ.ഒ. ടി നിയമനം ടിയാന്റെ എഫ്.ടി.എം നിയമനം അംഗീകരിച്ചതിന് ശേഷം പുനഃസമർപ്പിക്കാൻ നിർദേശിച്ച് മടക്കി. തുടർന്ന് ടിയാളുടെ 01/07/2014 മുതലുള്ള എഫ്.ടി.എം നിയമനം 02/05/2018 മുതലുള്ള ഒ.എ നിയമനം എന്നിവ അനുവദിച്ച് ലഭിക്കുന്നതിനായി റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തെങ്കിലും 18/11/2019 ലെ ജി.ഒ.(ആർടി) നമ്പർ 4909/19/പൊവിവ പ്രകാരം ടിയാന്റെ എഫ്.ടി.എം തസ്തികയിലെ നിയമനം അംഗീകരിക്കാത്തതിനാലും, പ്രമോട്ടിയുടെ നിയമനം അംഗീകരിക്കാത്തതിനാൽ ഒഴിവ് സ്ഥാപിതമല്ല എന്നതിനാലും നിരസിച്ച് ഉത്തരവായി.

ഇതിനിടയിൽ ശ്രീ.ഡെന്നി പി.ജി.യെ 02/07/2012 മുതൽ ഒ.എ ആയി പ്രമോട്ട് ചെയ്ത് പള്ളിപ്പോർട് സെന്റ് മേരീസ് എച്ച്.എസ്.ലെ ഒഴിവിൽ ശ്രീമതി സിംല കെ.ജി.യെ 01/07/2014 മുതൽ എഫ്.ടി.എം ആയി നിയമിച്ചു. ടി ഒഴിവിൽ ആദ്യം 02/07/2012 മുതൽ തന്നെ ശ്രീമതി റീന ജോർജ് നിയമിച്ചെങ്കിലും 2012-13 ഇൽ ഒരു എഫ്.ടി.എം തസ്തിക നഷ്ടപ്പെട്ടതിനാൽ നിയമനം നിരസിക്കുകയും 22/06/2013 മുതൽ ജോബി ജോൺ-നെ നിയമിക്കുകയും ചെയ്തിരുന്നു. ജോബി ജോൺ-നെ 01/07/2014 മുതൽ ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ എച്ച്.എസ്.ലേക്ക്

സ്ഥലംമാറ്റിയ ഒഴിവിലാണ് ശ്രീമതി സിംല കെ.ജി.യെ മാനേജർ നിയമിച്ചത്. പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിൽ ആകെ നിലനിന്നിരുന്ന ഒരു എഫ്.ടി.എം തസ്തികയിൽ നിയമനാംഗീകാരം ലഭിച്ച മറ്റൊരാൾ നിലനിൽക്കെ ആണ് മാനേജർ തസ്തികയില്ലാതെ ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്. ടി സാഹചര്യത്തിൽ എറണാകുളം ഡി.ഇ.ഒ ടി നിയമനവും നിരസിച്ചു. തുടർന്ന് ശ്രീമതി ഷൈനി എം.ജി. ഒ.എ.യുടെ സ്ഥാനക്കയറ്റ ഒഴിവിൽ ശ്രീമതി ജോബി ജോൺ-നെ ഒ.എ ആയി നിയമിക്കുകയും ടി ഒഴിവിലേക്ക് ശ്രീമതി സിംല കെ.ജി.യെ ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ എച്ച്.എസ്.ൽ 01/06/2017 മുതൽ മാനേജർ നിയമിച്ചു. ടി 2 നിയമനങ്ങളും ഒ.എ ആയിരുന്ന ശ്രീമതി ഷൈനി എം.ജി.യെ 01/06/2017 ലെ അധിക എൽ.ജി. ഹിന്ദി തസ്തികയിലെ നിയമനം അംഗീകരിച്ചിട്ടില്ല എന്നതിനാൽ നിരസിച്ചു. തുടർന്ന് ശ്രീമതി സിംല കെ.ജി.യെ പള്ളിപ്പോർട്ട് സെന്റ് മേരീസ് എച്ച്.എസ്.ൽ 01/08/2017 മുതൽ നിയമിച്ചെങ്കിലും ടി സ്കൂൾ പുതുതായി ഉയർത്തിയ സ്കൂളിന്റെ വിഭാഗത്തിൽപ്പെടുന്നതിനാൽ ഒഴിവുകൾ സംരക്ഷിത അധ്യാപകരാൽ നികത്തണമെന്ന് നിർദേശിച്ച് നിരസിച്ചു.

തുടർന്ന് മാനേജർ നടത്തിയ ശ്രീ.വിൽഫി ഡി. അൽമേഡയുടെ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ, ഗോതുരുത്തിയിലെ 01.08.2017 മുതലുള്ള എഫ്.റ്റി.എം നിയമനം, ശ്രീമതി ജിന്നി വി.ടി.-യുടെ ചാത്തേടം സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ 02.05.2018 മുതലുള്ള ഒ.എ തസ്തികയിലെ നിയമനം എന്നിവയും മേൽ സൂചിപ്പിച്ച സീനിയർ നിയമനങ്ങൾ അംഗീകരിക്കാത്തതിനാൽ അംഗീകരിച്ചിട്ടില്ല.

ശ്രീമതി. ജോബി ജോൺ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 419/21 ന്റെ 29/07/2021ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ആലുവ ഡി.ഇ.ഒ ഹിയറിംഗ് നടത്തി 07/01/2022 ലെ ബി4/7020/21 പ്രകാരം ശ്രീമതി.റീന ജോർജ്-ന്റെ 02/07/2012 മുതലുള്ള നിയമനം അംഗീകരിക്കാതെ ശ്രീമതി. ജോബി ജോൺ-ന്റെ 01/11/2012 മുതലുള്ള നിയമനം അംഗീകരിക്കാൻ സാധിക്കുകയില്ല എന്ന് നിർദ്ദേശിച്ചിട്ടുള്ളതായി ആലുവ ഡി.ഇ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2010-11 ലെ തസ്തിക നിർണ്ണയം തന്നെ 20.11.2012 മുതൽ തുടരുവാൻ സർക്കാർ നിർദേശം ഉണ്ടായിരുന്നെങ്കിലും 29/01/2016 ലെ ജി ഒ (പി ) 29/16 പ്രകാരം 2011-12 മുതൽ 2015-16 വരെയുള്ള തസ്തിക നിർണ്ണയം പുനർനിർണ്ണയം ചെയുവാനും ആയതിന്റെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകുവാനും നിർദേശിച്ചിരുന്നു. പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞതിനാൽ 2012-13 വർഷം ഒരു എഫ്.ടി.എം തസ്തിക നഷ്ടപ്പെടുകയും 2014-15 വർഷം ഒരു എൽ.ജി ഹിന്ദി തസ്തിക നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. കുട്ടികളുടെ എണ്ണം കുറഞ്ഞതിനാൽ തസ്തിക നഷ്ടപ്പെടാൻ സാധ്യതയുണ്ട് എന്ന അറിവോടെ തന്നെയാണ് മാനേജർ ടി ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകിയും പുതിയ നിയമനങ്ങളും നടത്തിയത് എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്

1(A). ശ്രീമതി റീന ജോർജ്ജിന്റെ 02/07/2012 മുതൽ 22/06/2013 വരെയുള്ള എഫ്.ടി.എം. നിയമനം

പള്ളിപ്പോർട്ട് സെന്റ് മേരീസ് ഹൈസ്കൂളിൽ എഫ്.ടി.എം. തസ്തികയിൽ ജോലി

ചെയ്തിരുന്ന ശ്രീ.ഡെന്നി പി.ജി.യെ ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ ശ്രീമതി റീന ജോർജ്ജിനെ 02.07.2012 മുതൽ എഫ്.റ്റി.എം. ആയി മാനേജർ നിയമിച്ചു.

2012-13 വർഷം രണ്ടാമത്തെ എഫ്.ടി.എം തസ്തികയിലേയ്ക്കാണ് ശ്രീമതി റീന ജോർജ്ജിനെ നിയമിച്ചിരുന്നത്. 700 ൽ അധികം കുട്ടികൾ ഉണ്ടെങ്കിൽ മാത്രമേ പ്രസ്തുത നിയമനത്തിന് തസ്തിക ലഭ്യമാവുകയുള്ളൂ. ഇല്ലാത്ത തസ്തികയിൽ നിയമനം നൽകപ്പെട്ട ശ്രീമതി റീന ജോർജ്ജിന്റെ പള്ളിപ്പോർട്ട് സെന്റ് മേരീസ് ഹൈസ്കൂളിലെ എഫ്.ടി.എം. തസ്തികയിലെ നിയമനത്തിന് എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നിരസിച്ചു. ആയതിനെതിരെ സമർപ്പിക്കപ്പെട്ട അപ്പീലുകളും നിരസിക്കപ്പെട്ടു.

02/07/2012 മുതൽ 22/06/2023 വരെയുള്ള പള്ളിപ്പോർട്ട് സെന്റ് മേരീസ് ഹൈസ്കൂളിലെ എഫ്.ടി.എം. തസ്തികയിലെ അംഗീകാരം ഇല്ലാത്ത തസ്തികയിലാണ് പരാതിക്കാരിയെ മാനേജർ നിയമിച്ചിരുന്നത് എന്നതിനാലും സ.ഉ.(പി) നം.29/16/പൊ.വി.വ നം.സർക്കാർ ഉത്തരവ് പ്രകാരം തസ്തിക പുനഃനിർണ്ണയം നടത്തിയപ്പോഴും തസ്തിക അനുവദിക്കപ്പെട്ടില്ല എന്നതിനാലും മേൽ നിയമനം പരിഗണനാർഹമല്ല.

ശ്രീമതി റീന ജോർജ്ജിനെ 22/06/2013 മുതൽ ഇതേ മാനേജ്മെന്റിന്റെ കീഴിലുള്ള ചാത്തേടം സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ മാറ്റി നിയമിക്കുകയും ടി നിയമനം ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്.

1(B). ശ്രീമതി റീന ജോർജ്ജിന്റെ 02/06/2014 മുതലുള്ള ഓഫീസ് അറ്റൻഡന്റ് നിയമനം

പള്ളിപ്പോർട്ട് സെന്റ് മേരീസ് ഹൈസ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ഡെന്നി പി.ജി.യെ 02/06/2014 മുതൽ എൽ.ജി ഹിന്ദി അധ്യാപകനായി ടി സ്കൂളിൽ തന്നെ 31/03/2014 ൽ ഉണ്ടായ വിരമിക്കൽ ഒഴിവിൽ നിയമിക്കുകയും പകരം ശ്രീമതി റീന ജോർജ്ജിനെ 02/06/2014 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും ചെയ്തു. എന്നാൽ പ്രൊമോട്ടിയുടെ നിയമനം അംഗീകരിക്കപ്പെട്ടില്ല എന്നതിനാൽ ശ്രീമതി റീന ജോർജ്ജിന്റെ 02/06/2014 മുതലുള്ള ഓഫീസ് അറ്റൻഡന്റ് നിയമനാംഗീകാരം എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ആയതിനെതിരെ സമർപ്പിക്കപ്പെട്ട അപ്പീലുകളും നിരസിക്കപ്പെട്ടു.

നിലവിൽ ശ്രീ.ഡെന്നി പി.ജി.യുടെ എൽ.ജി ഹിന്ദി തസ്തികയിലെ നിയമനം 02/06/2014 മുതൽ മുൻകാല പ്രാബല്യത്തോടെ മാള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ ശ്രീമതി റീന ജോർജ്ജിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനാവശ്യമായ ഒഴിവ് വ്യവസ്ഥാപിതമാണ്. ആ ഒഴിവിൽ നിയമിക്കപ്പെടാൻ പരാതിക്കാരിയെക്കാൾ സീനിയറായ 01/04/2014 മുതൽ ശ്രീ.തോമസ് മിഥുൻ, ഓഫീസ് അറ്റൻഡന്റിന്റെ സസ്പെൻഷൻ ഒഴിവിൽ നിയമിക്കപ്പെട്ടിരുന്ന ചട്ടം 43 അവകാശിയായ ശ്രീമതി ഷൈനി എം.ജി.യ്ക്കാണ് അവകാശമുള്ളത് എന്ന് കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി റീന ജോർജ്ജിന്റെ 02/06/2014 മുതലുള്ള ഓഫീസ് അറ്റൻഡന്റ് നിയമനാംഗീകാരം ശ്രീമതി ഷൈനി എം.ജിയുടെ നിയമനം അംഗീകരിയ്ക്കുന്ന മുറയ്ക്ക് പരിഗണനാർഹമാണ്.

സെന്റ് ജോസഫ് ചാത്തേടം സ്കൂളിലെ ശ്രീ. തോമസ് മിഥുൻ-നെ 01.11.2012 മുതൽ ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി ജോബി ജോണിനെ എഫ്.റ്റി.എം. ആയി നിയമിച്ചു. ശ്രീ.തോമസ് മിഥുന്റെ ഓഫീസ് അറ്റൻഡന്റ് നിയമനം അംഗീകരിച്ചിട്ടുള്ളതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണ്. സീനിയർ നിയമനാർത്ഥിയായ ശ്രീമതി റീന ജോർജ്ജിന്റെ 02.07.2012 ലെ നിയമനം തസ്തിക ഇല്ല എന്ന കാരണത്താൽ നിരസിച്ചിട്ടുണ്ട്. തുടർന്ന് മാനേജർ ജൂനിയർ നിയമനാർത്ഥിയായ ശ്രീമതി ജോബി ജോണിന്റെ ചാത്തേടം സ്കൂളിലെ നിയമനം 21.06.2013ൽ അവസാനിപ്പിക്കുകയും പ്രസ്തുത ഒഴിവിൽ സീനിയറായ ശ്രീമതി റീന ജോർജ്ജിനെ നിയമിക്കുകയും ചെയ്തു. സീനിയർ നിയമനാർത്ഥി നിയമനാംഗീകാരമില്ലാതെ മാനേജ്മെന്റിൽ തുടരുന്ന വേളയിൽ റഗുലർ തസ്തിക ഉണ്ടായാൽ ടിയാളെ റഗുലർ തസ്തികയിലേക്ക് മാറ്റി നിയമിക്കണമെന്നാണ് നിലവിലുള്ള ചട്ടം. ആയതിനാൽ സീനിയർ നിയമനാർത്ഥിയെ നിയമിച്ച തസ്തിക ഇല്ല എന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് ടിയാരിയെ റഗുലർ തസ്തികയിലേക്ക് മാറ്റി നിയമിച്ച മാനേജരുടെ നടപടി നിയമാനുസൃതമാണ്. ശ്രീമതി റീന ജോർജ്ജിനെ മാറ്റി നിയമിച്ച ഒഴിവിൽ 25/06/2013 മുതൽ ശ്രീമതി ജോബി ജോൺ പി.ജെ.യെ എഫ്.ടി.എം ആയി നിയമിക്കുകയും തസ്തിക വ്യവസ്ഥാപിതമല്ല എന്നതിനാൽ ടി നിയമനം നിരസിക്കപ്പെട്ടു. ശ്രീമതി ജോബി ജോണിനെ 01.04.2014 മുതൽ ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലേക്ക് മാനേജർ പിന്നീട് മാറ്റി നിയമിച്ചിട്ടുണ്ട്. ടി നിയമനവും അംഗീകരിക്കപ്പെട്ടിട്ടില്ല.

2. ശ്രീമതി നിഷ എ.എ.യുടെ 01/07/2014 മുതലുള്ള എഫ്.ടി.എം നിയമനം.

എറണാകുളം ചാത്തേടം സെന്റ് ജോസഫ് ഹൈസ്കൂളിൽ എഫ്.ടി.എം ആയിരുന്ന ശ്രീമതി റീന ജോർജിനെ പള്ളിപ്പോർട്ട് സെന്റ് മേരീസ് ഹൈസ്കൂളിൽ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റനിയമനം നൽകിയ ഒഴിവിൽ ശ്രീമതി നിഷ എ.എ.യെ 01/07/2014 മുതൽ എഫ്.ടി.എം ആയി കോർപ്പറേറ്റ് മാനേജർ നിയമിച്ചു. പുതുതായി ഉയർത്തപ്പെട്ട ടി സ്കൂളിൽ 2014-15 വർഷം ഒരു എഫ്.ടി.എം തസ്തിക മാത്രമേ അനുവദിച്ചിരുന്നുള്ളൂ.

ശ്രീമതി. റീന ജോർജിന്റെ സ്ഥാനക്കയറ്റം എറണാകുളം ജില്ലാവിദ്യാഭ്യാസ ആഫീസർ നിരസിച്ചതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ല എന്ന കാരണത്താൽ നിയമനം നിരസിക്കപ്പെട്ടു. ഇപ്രകാരം നിയമനാംഗീകാരം ഇല്ലാതെ തുടരവേ ടിയാരിയെ മാള സെന്റ് ആന്റണീസ് യു.പി. സ്കൂളിലെ ആഫീസ് അറ്റൻഡന്റിന്റെ വിരമിക്കൽ ഒഴിവിലേക്ക് 02/05/2018 മുതൽ നിയമിച്ചു. ഈ നിയമനം, എഫ്.ടി.എം തസ്തികയിൽ അംഗീകാരം ലഭിച്ച ശേഷം പുനഃസമർപ്പിക്കാൻ നിർദേശിച്ചുകൊണ്ട് മാള ഉപജില്ലാവിദ്യാഭ്യാസ ആഫീസർ മടക്കി നൽകി. ഈ രണ്ടു നിയമനങ്ങളും അംഗീകരിക്കണമെന്നാണ് ശ്രീമതി നിഷയുടെ ആവശ്യം.

ശ്രീമതി റീന ജോർജിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥാനകയറ്റം അംഗീകരിച്ച് ഒഴിവ് വ്യവസ്ഥാപിതമാകാത്തതിനാൽ ശ്രീമതി നിഷയുടെ 01/07/2014 മുതലുള്ള എഫ്.ടി.എം നിയമനം അംഗീകരിക്കാനാവില്ല. മറ്റ് സീനിയർ ആഫീസ് അറ്റൻഡന്റ് നിയമനങ്ങൾ അംഗീകരിക്കാനുള്ളതിനാൽ ടിയാളുടെ സ്ഥാനക്കയറ്റ നിയമനവും അംഗീകാരയോഗ്യമല്ല.

3. ശ്രീമതി കെ.ജി.സിംലയുടെ 01/07/2014 മുതലുള്ള എഫ്.ടി.എം. നിയമനം.

എറണാകുളം പള്ളിപ്പോർട്ട് സെന്റ് മേരീസ് ഹൈസ്കൂളിൽ എഫ്.ടി.എം. ആയിരുന്ന ശ്രീ.ഡെന്നി പി.ജി.ക്ക് ആഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി കെ.ജി.സിംലയെ 01/07/2014 മുതൽ എഫ്.ടി.എം. ആയി മാനേജർ നിയമിച്ചു. സ്കൂളിലെ കുട്ടികളുടെ എണ്ണം 700-ൽ അധികം ഉണ്ടെങ്കിൽ മാത്രമേ ശ്രീമതി സിംലയെ നിയമിക്കപ്പെട്ട തസ്തിക വ്യവസ്ഥാപിതമാകൂ എന്നതിനാൽ ടിയാരിയുടെ നിയമനം എറണാകുളം ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു.

നിയമനാംഗീകാരമില്ലാതെ തുടർന്നുവരവേ ടിയാരിയെ ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ നിയമനാംഗീകാരമില്ലാതെ തുടർന്നു വന്നിരുന്ന ശ്രീമതി. ജോബി ജോണിന് ആഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി. കെ.ജി.സിംലയെ 01/08/2017 മുതൽ മാനേജർ നിയമിച്ചു. ടി നിയമനവും നിരസിക്കപ്പെട്ടു. ഈ രണ്ടു നിയമനങ്ങളും അംഗീകരിക്കണമെന്നാണ് ശ്രീമതി സിംലയുടെ ആവശ്യം.

ടിയാരി 2013-14 അധ്യയന വർഷത്തിൽ പുതുതായി നിയമിക്കപ്പെട്ടയാളാണ്. ആ വർഷത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം പള്ളിപ്പോർട്ട് സെന്റ് മേരീസ് ഹൈസ്കൂളിൽ ഒരു എഫ്.ടി.എം. തസ്തിക മാത്രമേ ലഭ്യമാകുന്നുള്ളൂ. പ്രസ്തുത സ്കൂളിൽ നിയമനാംഗീകാരത്തോടെ മറ്റൊരു എഫ്.ടി.എം. ജോലിചെയ്യുന്നുണ്ട്. അതിനാൽ, വ്യവസ്ഥാപിത തസ്തികയുടെ അഭാവത്തിൽ പ്രസ്തുത നിയമനം അംഗീകരിക്കാനാവില്ല. കൂടാതെ സിനിയർ എഫ്.ടി.എം. ജീവനക്കാരുടെ നിയമനങ്ങൾ അംഗീകരിക്കാൻ ഉള്ളതിനാൽ ടിയാരിയുടെ 01/08/2017 മുതലുള്ള എഫ്.ടി.എം. നിയമനവും നിലവിൽ പരിഗണിക്കാനാവില്ല. കോഴിക്കോട് ജില്ലയിലെ തൂണേരി സ്കൂളിൽ 2010-11 തസ്തിക നിർണയം വരും വർഷങ്ങളിലും നിലവിലുണ്ട് എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇല്ലാത്ത തസ്തികകളിലേക്ക് നൽകിയ നിയമനാംഗീകാരങ്ങൾ സർക്കാർ 12/07/2021 ലെ സ.ഉ.(സാധാ) നം.3353/2021/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട് എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

ബഹു.ഹൈക്കോടതി പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുള്ള Ext. P18 മുതൽ Ext. P29 വരെയുള്ളവയിൽ പല ഉത്തരവുകളും അതത് ഘട്ടങ്ങളിൽ സർക്കാർ അതത് വിഷയങ്ങൾ പരിശോധിച്ച് പുറപ്പെടുവിച്ചിട്ടുള്ള വ്യക്തിഗത സ്വഭാവമുള്ള ഉത്തരവുകളാണ്. പ്രസ്തുത ഉത്തരവുകൾക്ക് പൊതുസ്വഭാവം നൽകാൻ അതിനാൽത്തന്നെ കഴിയില്ല. 02/07/2012 മുതൽ 22/06/2023 വരെയുള്ള പള്ളിപ്പോർട്ട് സെന്റ് മേരീസ് ഹൈസ്കൂളിലെ എഫ്.ടി.എം. തസ്തികയിലെ അംഗീകാരം ഇല്ലാത്ത തസ്തികയിലാണ് ശ്രീമതി റീന ജോർജിനെ മാനേജർ നിയമിച്ചിരുന്നത്. 2012-13 വർഷം രണ്ടാമത്തെ എഫ്.ടി.എം. തസ്തികയിലേയ്ക്കാണ് ശ്രീമതി റീന ജോർജ്ജിനെ നിയമിച്ചിരുന്നത്. 700 ൽ അധികം കുട്ടികൾ ഉണ്ടെങ്കിൽ മാത്രമേ പ്രസ്തുത നിയമനത്തിന് തസ്തിക ലഭ്യമാവുകയുള്ളൂ എന്നതിനാലും, സ.ഉ.(പി) നം.29/16/പൊ.വി.വ നം. സർക്കാർ ഉത്തരവ് പ്രകാരം തസ്തിക പുനഃനിർണ്ണയം നടത്തിയപ്പോഴും തസ്തിക അനുവദിക്കപ്പെട്ടില്ല എന്നതിനാലും ടി നിയമനം നിരസിച്ചിരുന്നു.

ശ്രീമതി റീന ജോർജ്ജിനെ 22/06/2013 മുതൽ ഇതേ മാനേജ്മെന്റിന്റെ കീഴിലുള്ള ചാത്തേടം സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ മാറ്റി നിയമിക്കുകയും ടി നിയമനം ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

പള്ളിപ്പോർട്ട് സെന്റ് മേരീസ് ഹൈസ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ഡെന്നി പി.ജി.യെ പ്രമോട്ട് ചെയ്ത ഒഴിവിൽ ശ്രീമതി റീന ജോർജ്ജിനെ 02/06/2014 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും എന്നാൽ പ്രൊമോട്ടിയുടെ നിയമനം അംഗീകരിക്കപ്പെട്ടില്ല എന്നതിനാൽ ശ്രീമതി റീന ജോർജ്ജിന്റെ 02/06/2014 മുതലുള്ള ഓഫീസ് അറ്റൻഡന്റ് നിയമനാംഗീകാരം നിരസിക്കുകയും ചെയ്തു.

നിലവിൽ ശ്രീ.ഡെന്നി പി.ജി.യുടെ എൽ.ജി ഹിന്ദി തസ്തികയിലെ നിയമനം 02/06/2014 മുതൽ മുൻകാല പ്രാബല്യത്തോടെ അംഗീകരിച്ച് നൽകിയതിനാൽ ശ്രീമതി റീന ജോർജ്ജിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനാവശ്യമായ ഒഴിവ് വ്യവസ്ഥാപിതമാണ്. എങ്കിലും ആ ഒഴിവിൽ നിയമിക്കപ്പെടാൻ പരാതിക്കാരിയെക്കാൾ സീനിയറായ 01/04/2014 മുതൽ ശ്രീ.തോമസ് മിഥുൻ, ഓഫീസ് അറ്റൻഡന്റിന്റെ സസ്പെൻഷൻ ഒഴിവിൽ നിയമിക്കപ്പെട്ടിരുന്ന ചട്ടം 43 അവകാശിയായ ശ്രീമതി ഷൈനി എം.ജി.യ്ക്കാണ് അവകാശമുള്ളത് എന്ന് കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി റീന ജോർജ്ജിന്റെ 02/06/2014 മുതലുള്ള ഓഫീസ് അറ്റൻഡന്റ് നിയമനാംഗീകാരം ശ്രീമതി ഷൈനി എം.ജിയുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് പരിഗണനാർഹമാണ് എന്നാണ് അറിയിച്ചിരിക്കുന്നത്.

ശ്രീമതി റീന ജോർജിനെ പള്ളിപ്പോർട്ട് സെന്റ് മേരീസ് ഹൈസ്കൂളിൽ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റനിയമനം നൽകിയ ഒഴിവിൽ ശ്രീമതി നിഷ എ.എ.യെ 01/07/2014 മുതൽ എഫ്.ടി.എം ആയി കോർപ്പറേറ്റ് മാനേജർ നിയമിച്ചു. പുതുതായി ഉയർത്തപ്പെട്ട ടി സ്കൂളിൽ 2014-15 വർഷം ഒരു എഫ്.ടി.എം തസ്തിക മാത്രമേ അനുവദിച്ചിരുന്നുള്ളൂ. ശ്രീമതി. റീന ജോർജിന്റെ സ്ഥാനക്കയറ്റം എറണാകുളം ജില്ലാവിദ്യാഭ്യാസ ആഫീസർ നിരസിച്ചതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ല എന്ന കാരണത്താൽ നിയമനം നിരസിക്കപ്പെട്ടു. ഇപ്രകാരം നിയമനാംഗീകാരം ഇല്ലാതെ തുടരവേ ടിയാരിയെ മാള സെന്റ് ആന്റണീസ് യു.പി. സ്കൂളിലെ ആഫീസ് അറ്റൻഡന്റിന്റെ വിരമിക്കൽ ഒഴിവിലേക്ക് 02/05/2018 മുതൽ നിയമിച്ചു. ഈ നിയമനം, എഫ്.ടി.എം തസ്തികയിൽ അംഗീകാരം ലഭിച്ച ശേഷം പുനഃസമർപ്പിക്കാൻ നിർദേശിച്ചുകൊണ്ട് മാള ഉപജില്ലാവിദ്യാഭ്യാസ ആഫീസർ മടക്കി നൽകി. ഈ രണ്ടു നിയമനങ്ങളും അംഗീകരിക്കണമെന്നാണ് ശ്രീമതി നിഷയുടെ ആവശ്യം.

പള്ളിപ്പോർട്ട് സെന്റ് മേരീസ് ഹൈസ്കൂളിൽ എഫ്.ടി.എം ആയിരുന്ന ശ്രീ.ഡെന്നി പി.ജി.ക്ക് ആഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി കെ.ജി.സിംലയെ 01/07/2014 മുതൽ എഫ്.ടി.എം ആയി മാനേജർ നിയമിച്ചു. നിയമിക്കപ്പെട്ട തസ്തിക വ്യവസ്ഥാപിതമാകാത്തതിനാൽ ടിയാരിയുടെ നിയമനം എറണാകുളം ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. നിയമനാംഗീകാരമില്ലാതെ തുടർന്നുവരവേ ടിയാരിയെ ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ നിയമനാംഗീകാരമില്ലാതെ തുടർന്നു വന്നിരുന്ന ശ്രീമതി. ജോബി ജോണിന് ആഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി. കെ.ജി.സിംലയെ 01/08/2017 മുതൽ മാനേജർ നിയമിച്ചു. ടി നിയമനവും നിരസിക്കപ്പെട്ടു. ഈ രണ്ടു നിയമനങ്ങളും അംഗീകരിക്കണമെന്നാണ് ശ്രീമതി സിംലയുടെ ആവശ്യം.

ശ്രീമതി റീന ജോർജിന്റെ സ്ഥാനകയറ്റം അംഗീകരിക്കാതിരുന്നതിനാലാണ് ശ്രീമതി നിഷ എ.യുടെ 01.07.2014 മുതലുള്ള എഫ്.ടി.എം നിയമനവും അംഗീകരിക്കാതിരുന്നതും തുടർന്ന് 02.05.2018 മുതലുള്ള ഒ.എ. ആയുള്ള സ്ഥാനകയറ്റം അംഗീകരിക്കാതിരുന്നതും അപ്രകാരം തന്നെ ശ്രീമതി റീന ജോർജ്, ശ്രീമതി നിഷ എ.എ, ശ്രീമതി ഷൈനി എം.ജി എന്നിവരുടെ സ്ഥാനകയറ്റം അംഗീകരിക്കാത്തതു മൂലമാണ് ശ്രീമതി സിംല കെ.ജിയുടെ 01.07.2014 മുതലുള്ള നിയമനവും 01.06.2017 വരെയുള്ള നിയമനവും അംഗീകരിക്കാതിരുന്നത്. ശ്രീമതി റീന ജോർജ്ജിന്റെ എഫ്.ടി.എം ആയുള്ള 02/07/2012 മുതലുള്ള പള്ളിപ്പുറം സെന്റ് മേരീസ് എച്ച്.എസ്.ലെ നിയമനത്തിന് അംഗീകാരം ലഭിച്ചാൽ മാത്രമേ തുടർന്നുള്ള നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കുകയുള്ളൂ.

ടി മാനേജ്മെന്റിന് കീഴിലെ സ്കൂളുകളിലെ 2012 മുതലുള്ള അനദ്ധ്യാപക നിയമനങ്ങൾ നടത്തിയിട്ടുള്ളത് സങ്കീർണ്ണമായ തരത്തിലാണ്. അതിൽ എറണാകുളം പള്ളിപ്പുറം സെന്റ് മേരീസ് എച്ച്.എസ്സിലെ ശ്രീമതി. റീന ജോർജ്ജിന്റെ എഫ്.ടി.എം തസ്തികയിലെ 2/7/2012 മുതലുള്ള നിയമനം നാളിതു വരെ അംഗീകരിക്കപ്പെട്ടിട്ടില്ല. ടി നിയമനം അംഗീകരിക്കപ്പെട്ടാൽ മാത്രമേ ശ്രീമതി. ജോബി ജോണിന്റെ ചാത്തേടം സെന്റ് ജോസഫ്സ് എച്ച്.എസ്സിലെ 1/11/2012 മുതലുള്ള നിയമനവും ടിയാളുടെ തന്നെ സെന്റ് മേരീസിലെ 25/6/2013 മുതലുള്ള നിയമനവും അംഗീകരിക്കാൻ പറ്റുകയുള്ളു. ടി നിയമനങ്ങളിൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് മാത്രമേ മറ്റ് ഉദ്യോഗാർഥികളുടെ നിയമന കാര്യത്തിലും അന്തിമ തീരുമാനം സാധ്യമാവുകയുള്ളൂ.

2010-11 ൽ സെന്റ് മേരീസ് എച്ച്.എസ്സിൽ 2 എഫ്.ടി.എം തസ്തികകൾ ഉണ്ടായിരുന്നു. ഇതിൽ രണ്ടാമത്തേതിലെ പ്രമോഷൻ തസ്തികയിലാണ് ശ്രീമതി. റീന ജോർജ്ജ് 2/7/2012ൽ നിയമിക്കപ്പെട്ടത്. എന്നാൽ 2012-13 വർഷത്തിൽ കുട്ടികളുടെ എണ്ണക്കുറവ് കാരണം രണ്ടാമത്തെ തസ്തിക നഷ്ടപ്പെട്ടു എന്ന കാരണത്താൽ വിദ്യാഭ്യാസ അധികാരികൾ ടി നിയമനം നിരസിക്കുകയുണ്ടായി. ഇതേ കാരണം കാണിച്ച് GO(Rt)4880/2019/GEdn. dtd.16/11/2019 Ext.P7 ഉത്തരവ് പ്രകാരം സർക്കാരും നിരസിച്ചു. ടി സർക്കാർ ഉത്തരവ് 8/6/2024ലെ കോടതി വിധിയിൽ റദ്ദ് ചെയ്തിട്ടുണ്ട്.

10. അതോടൊപ്പം ടി നിയമനം പുനഃപരിശോധിക്കുന്നതിന്റെ ഭാഗമായി മാനേജ്മെന്റ് നിരത്തിയിട്ടുള്ള വാദങ്ങൾ / കോടതി നിർദ്ദേശിച്ചിട്ടുള്ള എക്സിബിറ്റ്സ് എന്നിവ ചുവടെ ചേർക്കുന്നു.

A. Ext.P18, P19 എന്നിവ പ്രകാരം 2010-11ലെ അതെ എണ്ണം തസ്തികകൾ തന്നെയാണ് 2012-13ലും നിലനിൽക്കുന്നത്. അതായത് ശ്രീ. റീന ജോർജ്ജിന്റെ നിയമന സമയത്ത് (2/7/2012) രണ്ട് എഫ്.ടി.എം തസ്തികകൾ നിലവിലുണ്ടായിരുന്നു എന്ന് മാനേജ്മെന്റ് വാദിക്കുന്നു.

B. Ext.P 23 GO(Rt)1361/2016/GEdn. dtd.8/4/2016 പ്രകാരം പ്രമോഷൻ മൂലമുണ്ടായ ഒഴിവിൽ HS(PS) ആയി 4/6/2012ൽ നിയമനം നേടിയ ശ്രീമതി. ഷീനാകുമാരിക്കും Ext.P 24 GO(Rt)2684/2017/GEdn. dtd.9/8/2017 പ്രകാരം HSA(Mal.) ആയി 15/11/2011ൽ നിയമനം നേടിയ ശ്രീമതി.ശ്രീദേവിക്കും കുട്ടികളുടെ എണ്ണക്കുറവ് മൂലം തസ്തിക നഷ്ടപ്പെട്ടെങ്കിലും അവർക്ക് നിയമനാംഗീകാരം നൽകിക്കൊണ്ട് സർക്കാർ നിരത്തിയിട്ടുള്ള വാദങ്ങൾ, ശ്രീമതി. റീന ജോർജ്ജിന്റെ 2/7/2012 മുതലുള്ള നിയമനം അംഗീകരിക്കുന്ന വിഷയത്തിലും

ബാധകമാക്കണമെന്നതുമാണ് ആവശ്യം. സമാന രീതിയിൽ ഡി.ജി.ഇ Ext.P 22 E4/41467/17/DPI/KDis. dtd.28/7/2017 പ്രകാരവും ഉത്തരവായിട്ടുള്ളതായി കാണാം.

11. 2011-12 വർഷത്തെ തസ്തികനിർണ്ണയം 2012-13 ലും തുടരാൻ സർക്കാർ നിർദേശിച്ചിരുന്നു. എന്നാൽ ഹർജിക്കാരിയെ (ശ്രീമതി. റീന ജോർജ്ജി നെ) 2012-13 ൽ 02/07/2012 മുതൽ നിയമിച്ചിട്ടുള്ളത് പുതിയ നിയമനം ആയിട്ടാണ്.2012-13 വർഷത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയെ നിയമിക്കാനാവശ്യമായ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല. കൂടാതെ 29/01/2016 ലെ GO(P) 29/2016/GEDN പ്രകാരം തസ്തികകൾ പുനർനിർണയം നടത്തിയപ്പോഴും ടി തസ്തിക അനുവദിച്ചിട്ടില്ല. ആയതിനാൽ ശ്രീമതി. റീന ജോർജ്ജിന്റെ 2/7/2012 മുതലുള്ള നിയമനം അംഗീകരിക്കാനാകില്ല.

12. ശ്രീമതി. നിഷയുടെയും സിംലയുടെയും നിയമനങ്ങൾ പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന വസ്തുതകൾ ഇപ്രകാരമാണ്.

a. ശ്രീമതി. നിഷയുടെ നിയമനങ്ങൾ

എറണാകുളം, ചാത്തേടം, സെൻ്റ് ജോസഫ് ഹൈസ്കൂളിൽ ഫുൾടൈം മീനിയൽ ആയിരുന്ന ശ്രീമതി.റീന ജോർജ്ജിനെ പ്രസ്തുത സ്കൂളിന്റെ മാനേജ്മെന്റിന് കീഴിൽ തന്നെയുള്ള പള്ളിപ്പുറം സെൻ്റ് മേരീസ് ഹൈസ്കൂളിൽ ഓഫീസ്. അറ്റൻഡൻറായി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ ശ്രീമതി. നിഷ.എ.എ യെ 01.07.2014 മുതൽ FTM ആയി കോർപ്പറേറ്റ് മാനേജർ നിയമിച്ചു. പുതുതായി ഉയർത്തപ്പെട്ട സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെടുന്ന പ്രസ്തുത സ്കൂളിൽ 2014 15 ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഒരു എഫ്.ടി.എം. തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. സീനിയർ അവകാശിയായ ശ്രീമതി.റീന ജോർജ്ജിന്റെ സ്ഥാനക്കയറ്റ നിയമനം എറണാകുളം വിദ്യാഭ്യാസ ജില്ലാ ഓഫീസർ നിരസിച്ചതിനാൽ ശ്രീമതി.നിഷ.എ.എ യുടെ നിയമനവും വിദ്യാഭ്യാസ വകുപ്പ് അധികൃതർ നിരസിച്ചു. ഇതിനിടെ എഫ്.റ്റി.എം തസ്തികയിൽ അംഗീകാരം ലഭിക്കാത്ത ശ്രീമതി. നിഷ.എ.എ യെ ടി മാനേജ്മെന്റിന് കീഴിലുള്ള മറ്റൊരു സ്കൂളായ മാള സെൻ്റ് ആൻ്റണീസ് യു.പി.സ്കൂളിലെ വിരമിക്കൽ ഒഴിവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 02.05.2018 മുതൽ നിയമിച്ചു. ടി രണ്ട നിയമനങ്ങളും ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾ നിരസിച്ചതിനെത്തുടർന്ന് സർക്കാരിൽ റിവിഷൻ പെറ്റിഷൻ നൽകുകയും അതോടൊപ്പം ആയത് പരിഗണിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ ഫയൽ ചെയ്ത WP(C) 1781/2019ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ടി വിഷയം പരിശോധിക്കുകയും GO(Rt)4909/2019/GEdn. dtd.18/11/2019 പ്രകാരം ചുവടെ ചേർത്ത കാരണങ്ങളാൽ നിരസിക്കുകയും ചെയ്തിട്ടുണ്ട്.

02/06/2014 മുതലുള്ള ശ്രീമതി. റീന ജോർജിൻ്റെ ഓഫിസ് അറ്റൻഡന്റായുള്ള പ്രൊമോഷൻ ഒഴിവിലാണ് ശ്രീമതി. നിഷ.എ.എ യെ 01/07/2014 മുതൽ ഫുൾടൈം മിനിയൽ ആയി ചാത്തേടം സെൻ്റ് ജോസഫ് ഹൈസ്കൂളിൽ നിയമിച്ചത്. എന്നാൽ ശ്രീമതി. റീനാ ജോർജിന്റെ പ്രസ്തുത പ്രൊമോഷൻ നിയമനം അംഗീകരിച്ചിട്ടില്ല. പ്രസ്തുത . സാഹചര്യത്തിൽ ശ്രീമതി. നിഷയെ നിയമിക്കുന്നതിനുള്ള ഒഴിവ് വ്യവസ്ഥാപിതമല്ലാത്തതിനാൽ ടിയാളുടെ 01/07/2014 മുതലുള്ള നിയമനം അംഗീകരിക്കണമെന്ന ആവശ്യം പരിഗണിക്കാനാവില്ല. പരാതിക്കാരിയുടെ എഫ്.ടി.എം. തസ്തികയിലെ നിയമനം - അംഗീകരിക്കാനാകാത്തതിനാൽ

ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനവും അംഗീകരിക്കാൻ കഴിയില്ല

b. ശ്രീമതി. സിംലയുടെ നിയമനങ്ങൾ

കോട്ടപ്പുറം രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള വിവിധ സ്കൂളുകളിൽ ചുവടെ ചേർത്തിട്ടുള്ള വിവിധ കാലയളവുകളിലായുള്ള ശ്രീമതി. സിംലയുടെ നിയമനങ്ങൾ ഇപ്രകാരമായിരുന്നു.

I) 1/7/2014 മുതൽ 31/5/2017 വരെ പള്ളിപ്പുറം സെൻ്റ് മേരീസ് ഹൈസ്കൂൾ FTM

II) !/6/2017 മുതൽ 31/7/2017 വരെ ഗോതുരുത്ത്, സെന്റ് സെബാസ്റ്റ്യൻസ്എച്ച്.എസ്.ൽ FTM

III) !/8/2017 മുതൽ പള്ളിപ്പുറം സെൻ്റ് മേരീസ് ഹൈസ്കൂൾ FTM

മേൽ നിയമനങ്ങൾ വിദ്യാഭ്യാസ അധികാരികൾ നിരസിച്ചതിനെത്തുടർന്ന് ടിയാൾ സർക്കാരിൽ റിവിഷൻ പെറ്റിഷൻ നൽകുകയും അതോടൊപ്പം ആയത് പരിഗണിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ ഫയൽ ചെയ്ത WP(C) 1383/2019ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ടി വിഷയം പരിശോധിക്കുകയും GO(Rt)4923/2019/GEdn. dtd.18/11/2019 പ്രകാരം ചുവടെ ചേർത്ത കാരണങ്ങളാൽ നിരസിക്കുകയും ചെയ്തിട്ടുന്നു.

2011-12 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ 2013-14 വർഷത്തിലും തുടരാൻ സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നതിനാൽ, 2011-12 വർഷത്തിൽ നിലവിലുണ്ടായിരുന്ന തസ്തികയിലാണ് പരാതിക്കാരിയെ നിയമിച്ചത് എന്നതിനാൽ 01.07.2014 മുതലുള്ള പള്ളിപോർട്ട് സെന്റ് മേരീസ് ഹൈസ്കൂളിലെ എഫ്.ടി.എം തസ്തികയിലെ നിയമനത്തിന് അംഗികാരം നൽകണമെന്നാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

എന്നാൽ പരാതിക്കാരിയെ 2013- 14 അദ്ധ്യയന വർഷത്തിൽ പുതുതായിട്ടാണ് നിയമിച്ചിട്ടുള്ളത്. ആ വർഷത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അപ്രകാരം ഒരു തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത മാനേജർക്ക് തന്നെ അറിവുള്ളതാണ്. ആയതിനാൽ ഇല്ലാത്ത തസ്തികയിലാണ് പരാതിക്കാരിയെ മാനേജർ നിയമിച്ചിരുന്നത്. മാത്രവുമല്ല സ.ഉ.(പി)നം.29/16/പൊ.വി.വ നം സർക്കാർ ഉത്തരവ് പ്രകാരം തസ്തിക പുന:നിർണ്ണയെ നടത്തിയപ്പോഴും തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല. ആയതിനാൽ തന്നെ പരാതിക്കാരിയുടെ 0107.2014 മുതലുള്ള നിയമനം അംഗീകരിക്കണമെന്ന ആവശ്യം പരിഗണനാർഹമല്ല.

സീനിയർ നിയമനാർത്ഥിയുടെ നിയമനവും പ്രമോഷനും നാളിതുവരെ അംഗീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ 1/6/2017 മുതലുള്ള ടിയാളുടെ ഗോതുരുത്ത്, സെന്റ് സെബാസ്റ്റ്യൻസ്എച്ച്.എസ്.നിയമനവും അംഗീകരിക്കാൻ സാധിക്കുകയില്ല.

ടിയാളുടെ 01.08.2017 മുതൽ എഫ്.റ്റി.എം ആയി പള്ളിപ്പുറം സെൻ്റ് മേരീസ് ഹൈസ്കൂളിൽ

നടത്തിയ നിയമനവും, ടിയാരിയുടെ സീനിയർ ആയ ഫുൾ ടൈം മിനിയൽമാർ നിയമനാംഗീകാരം ലഭിക്കാതെയും തസ്തിക സ്ഥാപിതമാകാതേയും നിലനിൽക്കുന്നതിനാൽ അംഗീകരിക്കാൻ കഴിയില്ല. ശ്രീമതി. സിംലയുടെ നിയമനങ്ങൾ എല്ലാം തന്നെ വ്യവസ്ഥാപിതമായ ഒഴിവുകൾ ഇല്ലാതിരുന്ന തസ്തികകളിലായിരുന്നുവെന്നതിനാൽ നേരത്തെ നിരസിക്കപ്പെട്ട കാരണങ്ങൾ തന്നെ ഇപ്പോഴും നിലനിൽക്കുന്നുവെന്ന് കാണാവുന്നതാണ്.

13. മേൽ റിപ്പോർട്ടുകളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം ഉത്തരവാകുന്നു.

<u>1 (A) ശ്രീമതി റീന ജോർജ്ജിന്റെ 02/07/2012 മുതൽ 22/06/2013 വരെയുള്ള എഫ്.റ്റി.എം. നിയമനം</u>

2011-12 വർഷത്തെ തസ്തിക നിർണ്ണയം 2012-13 ലും തുടരാൻ സർക്കാർ നിർദേശിച്ചിരുന്നു. എന്നാൽ ഹർജിക്കാരിയെ (ശ്രീമതി. റീന ജോർജ്ജി നെ) 2012-13 ൽ 02/07/2012 മുതൽ നിയമിച്ചിട്ടുള്ളത് പുതിയ നിയമനം ആയിട്ടാണ്. 2012-13 വർഷത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയെ നിയമിക്കാനാവശ്യമായ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല. കൂടാതെ 29/01/2016 ലെ GO(P) 29/2016/GEDN പ്രകാരം തസ്തികകൾ പുനർനിർണയം നടത്തിയപ്പോഴും ടി തസ്തിക അനുവദിച്ചിട്ടില്ല. ആയതിനാൽ ശ്രീമതി. റീന ജോർജ്ജിന്റെ 2/7/2012 മുതലുള്ള നിയമനം അംഗീകരിക്കാനാകില്ല.

<u>1 (B). ശ്രീമതി റീന ജോർജ്ജിന്റെ 02/06/2014 മുതലുള്ള ഓഫീസ് അറ്റൻഡന്റ് നിയമനം</u>

നിലവിൽ ശ്രീ ഡെന്നി പി. ജി. യുടെ എൽ. ജി. ഹിന്ദി തസ്തികയിലെ നിയമനം 02/06/2014 മുതൽ മുൻകാല പ്രാബല്യത്തോടെ മാള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ ശ്രീമതി റീന ജോർജ്ജിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനാവശ്യമായ ഒഴിവ് വ്യവസ്ഥാപിതമാണ്. ആ ഒഴിവിൽ നിയമിക്കപ്പെടാൻ പരാതിക്കാരിയെക്കാൾ സീനിയറായ 01/04/2014 മുതൽ ശ്രീ തോമസ് മിഥുൻ, ഓഫീസ് അറ്റന്റന്റിന്റെ സസ്പെൻഷൻ ഒഴിവിൽ നിയമിക്കപ്പെട്ടിരുന്ന ചട്ടം 43 അവകാശിയായ ശ്രീമതി ഷൈനി എം. ജി. ക്കാണ് അവകാശമുള്ളത് എന്ന് കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി ഷൈനി എം. ജി. യുടെ നിയമനം അംഗീകരിയ്ക്കുന്ന മുറയ്ക്ക് ശ്രീമതി റീന ജോർജ്ജിന്റെ ഓഫീസ് അറ്റൻഡന്റ് നിയമനം അംഗീകരിക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുന്നു.

<u>2. ശ്രീമതി. നിഷ എ. എ. യുടെ 1/7/2014 മുതലുള്ള എഫ്.ടി.എം. നിയമനം</u>

ശ്രീമതി റീന ജോർജിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥാനക്കയറ്റം അംഗീകരിച്ച് ഒഴിവ് വ്യവസ്ഥാപിതമാകുന്ന മുറക്ക് ശ്രീമതി നിഷയുടെ എഫ്.ടി.എം. തസ്തികയിലെ നിയമനം, പുന:പരിഗണിക്കാനും, തുടർന്ന് 02/05/2018 മുതലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം പുന:പരിഗണിക്കാനും നിർദ്ദേശം നൽകുന്നു.

3. ശ്രീമതി. കെ.ജി. സിംലയുടെ 1/7/2014 മുതലുള്ള എഫ്.ടി. എം നിയമനം

ശ്രീമതി. കെ. ജി. സിംല 2013-14 അധ്യയന വർഷത്തിൽ പുതുതായി നിയമിക്കപ്പെട്ടയാളാണ്. ആ വർഷത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം പള്ളിപ്പോർട്ട് സെന്റ് മേരീസ് ഹൈസ്കൂളിൽ ഒരു എഫ്.ടി.എം. തസ്തിക മാത്രമേ ലഭ്യമാകുന്നുള്ളൂ. പ്രസ്തുത സ്കൂളിൽ നിയമനാംഗീകാരത്തോടെ മറ്റൊരു എഫ്.ടി.എം. ജോലിചെയ്യുന്നുണ്ട്. അതിനാൽ വ്യവസ്ഥാപിത തസ്തികയുടെ അഭാവത്തിൽ പ്രസ്തുത നിയമനം അംഗീകരിക്കാനാവില്ല. കൂടാതെ സീനിയർ എഫ്.ടി.എം. ജീവനക്കാരുടെ നിയമനങ്ങൾ അംഗീകരിക്കാൻ ഉള്ളതിനാൽ ടിയാരിയുടെ 1/8/2017 മുതലുള്ള എഫ്.ടി.എം നിയമനവും നിലവിൽ പരിഗണിക്കാനാവില്ല.

മേൽ പ്രകാരം ശ്രീമതി.റീന ജോർജ്ജും മറ്റുള്ളവരും ഫയൽ ചെയ്ത 7495/2020 നമ്പർ റിട്ട് പെറ്റീഷനിൽ ബഹു: ഹൈക്കോടതിയുടെ 08.06.2023ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീമതി റീന ജോർജ്ജ്, ഓഫീസ് അറ്റൻഡന്റ്, സെന്റ് മേരീസ് ഹൈസ്കൂൾ, പള്ളിപോർട്ട്, എറണാകുളം-683 515
ശ്രീമതി നിഷ എ.,ഓഫീസ് അറ്റൻഡന്റ്, സെന്റ് ആന്റണീസ് യു.പി.സ്കൂൾ, മാള, പള്ളിപ്പുറം, തൃശ്ശൂർ-680 732
ശ്രീമതി കെ.ജി.സിംല, ഫുൾ ടൈം മീനിയൽ, സെന്റ് മേരീസ് ഹൈസ്കൂൾ, പള്ളിപോർട്ട്, എറണാകുളം-683 515
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എറണാകുളം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മാള
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, കോട്ടപ്പുറം രൂപത, കോട്ടപ്പുറം പി.ഒ.,കൊടുങ്ങല്ലൂർ, തൃശ്ശൂർ-680667
ഹെഡ്മാസ്റ്റർ, സെന്റ് മേരീസ് ഹൈസ്കൂൾ, പള്ളിപോർട്ട്, എറണാകുളം-683 515
ഹെഡ്മാസ്റ്റർ, സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ, ഗോതുരുത്ത്, എറണാകുളം-683 513
ഹെഡ്മാസ്റ്റർ, സെന്റ് ജോസഫ്സ് ഹൈസ്കൂൾ, ചാത്തേടം, എറണാകുളം-680 001
ഹെഡ്മാസ്റ്റർ, സെന്റ് ആന്റണീസ് ഹൈസ്കൂൾ, മാള, പള്ളിപ്പുറം, തൃശ്ശൂർ - 680 732
ശ്രീമതി ഷൈനി എ.ജി., എൽ.ജി.ഹിന്ദി ടീച്ചർ, സെന്റ് മേരീസ് ഹൈസ്കൂൾ, പള്ളിപോർട്ട്, എറണാകുളം- 683 515
ശ്രീമതി ജോബി ജോൺ, ഓഫീസ് അറ്റൻഡന്റ്, സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ,

ഗോതുരുത്ത്, എറണാകുളം-683 513

ശ്രീ.മിഥുൻ തോമസ്, ഓഫീസ് അറ്റൻഡന്റ്, സെന്റ് മേരീസ് ഹൈസ്കൂൾ, പള്ളിപോർട്ട്, എറണാകുളം-683 515

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 18-07-2025 11:15:24

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.